നാടിന്റെ മുഖങ്ങൾ

standard 7

കേരളഗവൺമെന്റുവക
പ്രസിദ്ധീകരണം

വില 50 പൈസ

1972

നാടിന്റെ മുഖങ്ങൾ

കേരളാഗവണ്മെന്റുവക
പ്രസിദ്ധീകരണം

സ്റ്റേററ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ
തയ്യാറാക്കിയത്

©

The Government of Kerala

1973

നാടിൻെറ മുഖങ്ങൾ

1. സ്വർണ്ണഭൂമി

പ്രിയപ്പെട്ട മഞ്ജു,

കുറച്ചുദിവസങ്ങളായി എൻെറ കത്തുകൾ കാണാത്തതുകൊണ്ടു് നീ വിഷമിക്കുന്നുണ്ടാകാം. കത്തെഴുതാൻ സമയം കിട്ടിയില്ല. ഒരു വിനോദയാത്രയ്ക്കായി പുറപ്പെട്ടിരിക്കുകയാണു് ഞാൻ. ഒരാഴ്ച കഴിഞ്ഞേ തിരുവനന്തപുരത്തു മടങ്ങിയെത്തൂ.

ഇന്നലെ നിൻെറ അമ്മയുടെ ഒരു കത്തുണ്ടായിരുന്നു. ''ഇവിടെ എല്ലാവർക്കും സുഖം, അവിടെയും സുഖമെന്നു് വിശ്വസിക്കുന്നു.'' ഇത്രയേ ഉള്ളൂ. അവളുടെ എല്ലാ കത്തിൻെറയും ഉള്ളടക്കം ഇതാണല്ലോ. എങ്കിലും ആ രണ്ടു വരികൾ വായിക്കുമ്പോൾ എന്തൊരാശ്വാസമാണു്!

കേരളത്തിലെ നാട്ടിൻപുറങ്ങൾ ചുററിനടന്നു കാണണമെന്ന ആഗ്രഹം വളരെക്കാലമായി എൻെറ മനസ്സിലുണ്ടു് പട്ടണത്തിലെ ജീവിതം കൊണ്ടു മടുത്തു. നഗരത്തിൻെറ നന്മയും തിന്മയും വേണ്ടുവോളം അനുഭവിച്ചു കഴിഞ്ഞു. കണ്വാശ്രമത്തിൽ നിന്നു് ഹസ്തിനപുരം രാജധാനിയിലെത്തിയ ശാരദ്വതനു് തീപിടിച്ച പുരയിൽ അകപ്പെട്ടതുപോലെ തോന്നി. ഒരു ഗ്രാമനാട്ടിൽ ജനിച്ചുവളർന്ന എൻേറയും അനുഭവം ഏതാണ്ടു് അതുപോലെയാണു്

നാട്ടിൻപുറങ്ങളിൽ അലഞ്ഞുനടന്നു് കാഴ്ചകൾ കാണുന്നതു് നിനക്കും ഇഷ്ടമാണെന്നു് എനിക്കറിയാം. നഗരത്തിലെ തിരക്കിൽ നിന്നു് അല്പസമയം ഒഴിഞ്ഞുനില്ക്കാം. ശുദ്ധവായു ശ്വസിക്കാം. അകൃത്രിമമായ ഗ്രാമഭംഗി കണ്ടു് ആനന്ദിക്കാം

സഞ്ചാര പ്രിയരായ നാലുപേർകൂടി എന്നോടൊപ്പമുണ്ടു് സാഹിത്യകാരന്മാരായ ഹരിയും മധുവും, ഒരു കോളേജദ്ധ്യാപകനായ ശ്രീ. കൃഷ്ണൻനായർ, ചിത്രകാരനായ രവി മനസ്സിനു് ഇണങ്ങിയ കൂട്ടുകാർ രവി ഒരു ക്യാമറയും കരുതിയിട്ടുണ്ടു്. സുന്ദരമായ ഏതു കാഴ്ച കണ്ടാലും ഉടനെ അയാൾക്കു പടംപിടിച്ചേ മതിയാകൂ.

ഞങ്ങൾ കുളിയും കാപ്പികുടിയും കഴിഞ്ഞു് രാവിലെ ഒൻപതു മണിക്കു തിരുവനന്തപുരത്തുനിന്നു് പുറപ്പെട്ടു. മധുവിന്റെ കാറിലായിരുന്നു യാത്ര. കടന്നുപോകുന്ന വഴിക്കു് ഇരുപുറവുമുള്ള കാഴ്ചകൾ നോക്കികൊണ്ടിരിക്കാനായിരുന്നു എനിക്കു് ആഗ്രഹം. പക്ഷേ സാഹിത്യകാരന്മാർ സമ്മതിച്ചില്ല. അവർ കവിതയെക്കുറിച്ചും കലയെക്കുറിച്ചും ചർച്ചകൾ തുടങ്ങി ചിലപ്പോൾ വാദപ്രതിവാദം മൂക്കും വഴക്കിന്റെ അതിർത്തിവരെ എത്തും. ഒരു മദ്ധ്യസ്ഥന്റെ നിലയിൽ ഇടയ്ക്കിടെ ശ്രീ. കൃഷ്ണൻനായരും അതിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ നേരംപോക്കുകൾ എല്ലാവരേയും പൊട്ടിച്ചിരിപ്പിച്ചു. ഈ ബഹളത്തിലൊന്നിലും ഉൾപ്പെടാതെ കലാകാരൻ ഒരു മൂലയ്ക്കിരുന്നു് മനസ്സുകൊണ്ടു് ചിത്രം വരയ്ക്കുകയായിരുന്നു

പത്തുമണിയോടെ ഞങ്ങൾ വർക്കലെ എത്തി കാർ എന്റെ ഒരു സുഹൃത്തായ ശ്രീ. പ്രകാശത്തിന്റെ വീട്ടിൽ കൊണ്ടുപോയിട്ടു. പുണ്യഭൂമിയായ വർക്കലയിലെ കുന്നുകളിലൂടെ ഞങ്ങൾ നടന്നു വൃത്തിയും വെടിപ്പുമുള്ള വഴികൾ. ഭംഗിയുള്ള ഭവനങ്ങൾ. പ്രശാന്ത മനോഹരമായ ചുറ്റുപാടുകൾ. മൂന്നു റോഡുകൾ ഒരുമിച്ചുകൂടുന്ന വിശാലമായ മൈതാനത്തിൽ എത്തി അവിടെയൊരു വെയ്റ്റിംഗ് ഷെഡ്ഡും പാർക്കും ഉണ്ടു് വലിയ ചില മാളികകളും അങ്ങിങ്ങു കാണാം. കവലയിൽ എപ്പോഴും വലിയ തിരക്കാണു് ധാരാളം ബസ്സുകൾ വന്നും പോയുമിരിക്കുന്നു. മൈതാനത്തിന്റെ ഓരംകിഴുടെ കൂകിവിളിച്ചുകൊണ്ടു തീവണ്ടി കടന്നുപോകുന്നു.

വർക്കലെയ്ക്കു് ഈ പേരു കിട്ടിയതിനെക്കുറിച്ചു് ഒരു പഴങ്കഥയുണ്ടു്. നാരദമഹർഷിയെക്കുറിച്ചു നീ കേട്ടിട്ടില്ലേ? എപ്പോഴും വീണ വായിച്ചുകൊണ്ടു് മൂന്നുലോകങ്ങളിലും ചുററിക്കറങ്ങിനടക്കുന്ന ആൾ. ഒരിക്കൽ അദ്ദേഹം വൈകുണ്ഠലോകത്തിൽ ചെന്നു് വിഷ്ണുവിനെ വണങ്ങിയിട്ടു് ബ്രഹ്മാവിൻെറ അടുക്കലേയ്ക്കു പുറപ്പെട്ടു. വീണാനാദത്താൽ ആകർഷിക്കപ്പെട്ട മഹാവിഷ്ണു, നാരദൻ അറിയാതെ പിൻതുടർന്നു. അവർ ബ്രഹ്മലോകത്തു് എത്തി. നാരദൻെറ പിന്നിൽ നില്ക്കുന്ന മഹാവിഷ്ണുവിനെക്കണ്ടു്, ബ്രഹ്മാവു് സാഷ്ടാംഗം വീണു നമസ്കരിച്ചു. വിഷ്ണു പെട്ടെന്നു മറഞ്ഞു. ബ്രഹ്മാവു് എണീററു നോക്കിയപ്പോൾ പുത്രനായ നാരദൻ മാത്രം മുന്നിൽ നില്ക്കുന്നു. മകൻെറ കാല്ക്കൽവീണു നമസ്കരിക്കുന്ന ബ്രഹ്മാവിൻെറ വിഡ്ഢിത്തംകണ്ടു് ദേവന്മാർ പൊട്ടിച്ചിരിച്ചു. ''നിങ്ങളൊക്കെ ഭൂലോകത്തിൽ മനുഷ്യരായി ജനിച്ചു് കഷ്ടപ്പെടട്ടെ'' എന്നു് ബ്രഹ്മാവു് അവരെ ശപിച്ചു. നാരദൻ അവരെ ആശ്വസിപ്പിച്ചു. അദ്ദേഹം താൻ ചുമലിലിട്ടിരുന്ന വല്ക്കലം (മരവുരി) എടുത്തു് ഭൂമിയിലേയ്ക്കു് എറിഞ്ഞു. അതു ചെന്നു വീണസ്ഥലത്തു് പോയിരുന്നു തപസ്സു ചെയ്താൽ ദേവന്മാർക്കു മോക്ഷം കിട്ടുമെന്നു് അദ്ദേഹം പറഞ്ഞു. വല്ക്കലം വീണ സ്ഥലത്തിനു് 'വല്ക്കല' എന്നു പേരുകിട്ടി. അതു പിന്നീടു് 'വർക്കല'യെന്നായതാണത്രേ. അവിടെ ദേവന്മാർ പ്രതിഷ്ഠിച്ചതാണു് ജനാർദ്ദനക്ഷേത്രം എന്നു വിശ്വസിക്കപ്പെടുന്നു.

ദക്ഷിണകാശി എന്നു പേരുകേട്ട ആ ദേവാലയം കാണാൻ ഞങ്ങൾക്കു തിടുക്കമായി. മൈതാനത്തിൽനിന്നു് ഒന്നരകിലോമീററർ പടിഞ്ഞാറു് മാറി, കടൽത്തീരത്താണു് ക്ഷേത്രം. പ്രകൃതിമനോഹരമായ ഗ്രാമമധ്യത്തിലൂടെ പടിഞ്ഞാട്ടു പോകുന്ന റോഡ് അമ്പലത്തിലേയ്ക്കാണു് ഞങ്ങൾ വെയിൽ വകവയ്ക്കാതെ മുന്നോട്ടു നടന്നു. വഴിയുടെ ഇരുവശങ്ങളിലും മാവും പിലാവും, തെങ്ങും കവുങ്ങും നിറഞ്ഞ പറമ്പുകൾ. അവയുടെ നടുവിൽ കൊച്ചു കൊച്ചു വീടുകൾ. കണ്ണിനു വിരുന്നു നൽകുന്ന കാഴ്ചകൾകൊണ്ടു് സമയം പോയതറിഞ്ഞില്ല. ഞങ്ങൾ അമ്പലക്കുളത്തിൻെറ ഇടത്തെ കരയിലെത്തി. നൂററാണ്ടുകളുടെ കഥ പറയുന്ന ആ കൽപ്പടവുകളിലിരുന്നു് അല്പമൊന്നു വിശ്രമിക്കാൻ ആർക്കും കൊതിതോന്നും. ഇടതുവശത്തുള്ള പടികൾ ചവുട്ടിക്കയറി ഞങ്ങൾ ആ പുണ്യക്ഷേത്രത്തിൻെറ നടയ്ക്കൽ

ഷ്ഠരി. വലിയ ഒരു കുന്നിന്റെ നെറുകയിലാണ് ഈ ദേവാലയം നിർമ്മിച്ചിരിക്കുന്നത്. അസാധാരണ വലിപ്പമുള്ളതാണ് ഇവിടത്തെ വിഷ്ണുവിഗ്രഹം. മതിൽക്കെട്ടിനകത്തുതന്നെ ശിവക്ഷേത്രവും ഗണപതിക്ഷേത്രവുമുണ്ട്. പുറമ്പലത്തിനുള്ളിലെ ശിലാശില്പങ്ങൾ നോക്കിനിന്നാൽ സമയം പോകുന്നതറികയില്ല. കരിങ്കല്ലിൽ കവിത നിർമ്മിക്കുന്ന ആ കൈവിരുതിനെ നമസ്കരിക്കുക. ക്ഷേത്രത്തിന്റെ പടിഞ്ഞാറേ മൂലയിൽ ഡച്ചുകാർ നടയ്ക്കുവച്ച ഒരു വലിയ മണി കാണാം. മുൻവശത്തുള്ള ഗ്രാമറോഡിന്റെ ഇരുവശവും ബ്രാഹ്മണഗൃഹങ്ങളാണ്

അമ്പലത്തിൽനിന്ന് അഞ്ചിലൊന്നു കിലോമീററർ ദൂരമേയുള്ളു കടൽത്തീരത്തേയ്ക്ക്. സാധാരണ നാം കണ്ടിട്ടുള്ള ഒരു കടൽത്തീരമല്ല വർക്കലയിൽ കാണുക. കടൽപ്പുറമെന്നു കേട്ടാൽ വിശാലമായ വെണ്മണൽത്തിട്ടകളാണ് ഓർമ്മയിൽ വരിക. ഇവിടെ നെൽപ്പാടങ്ങളും കുന്നുകളും കടൽക്കരെ ചെന്നു മുട്ടി നിൽക്കുകയാണ്. ഉറച്ച കുന്നുകൾക്കും തെങ്ങിൻതോപ്പുകൾക്കും തൊട്ട് അപ്പുറം അലയാഴിയാണ്. മററെങ്ങും കാണാത്തവിധം ധാരാളം പാറക്കൂട്ടങ്ങളും ഈ കടൽത്തീരത്തുണ്ട്. ''പാപനാശം'' കടൽപ്പുറം എന്നാണിതിന്റെ പേർ. കർക്കടകമാസത്തിലെ കറുത്തവാവിൻനാൾ ബലിയിടാനായി പതിനായിരക്കണക്കിന് ആളുകൾ ഇവിടെ തടിച്ചുകൂടുന്നു.

തിരിച്ച് മൈതാനത്തിൽ എത്തിയപ്പോഴേയ്ക്കും ഞങ്ങളിൽ ചിലർ തളർന്നു കഴിഞ്ഞിരുന്നു. അടുത്തുകണ്ട ഒരു കടയിൽനിന്നു സോഡയും നാരങ്ങാവെള്ളവും മററും വാങ്ങിക്കുടിച്ചശേഷം നേരേ ശിവഗിരിക്കുന്നുകളിലേയ്ക്കു പോയി. കവലയിൽനിന്നു രണ്ടു കിലോമീററർ കിഴക്കുമാറിയാണ് ശിവഗിരിമഠം. അങ്ങോട്ടു പോകുന്നവഴിക്കാണ് സുപ്രസിദ്ധമായ വർക്കലത്തുരങ്കങ്ങൾ. രാജവാഴ്ചക്കാലത്ത് ബോട്ടുകൾക്കും വള്ളങ്ങൾക്കും തോടുവഴി തിരുവനന്തപുരംവരെ എത്തുന്നതിനായി, മല തുരന്നുണ്ടാക്കിയവയാണ് ഈ തുരങ്കങ്ങൾ. വലിയ തുരങ്കത്തിനു 729 മീററർ നീളവും, ചെറിയ തുരങ്കത്തിന് 282 മീററർ നീളവുമുണ്ട് ഒരു നൂററാണ്ടിനു മുൻപ് നിർമ്മിച്ച ഈ തുരങ്കങ്ങൾക്ക് ഇന്നും ഒരുകേടും സംഭവിച്ചിട്ടില്ല. കുന്നിന്റെ പള്ളയിൽക്കൂടി തുരങ്കത്തിലൂടെ വലിയ കെട്ടുവള്ളങ്ങൾ മറുവശത്തേയ്ക്കു പോകുന്ന കാഴ്ച

കാണേണ്ടതാണ്. തുരങ്കത്തിനുള്ളിൽ കാററും വെളിച്ചവും കിട്ടാനുള്ള ചില കൗശലപ്പണികളും ചെയ്തുവെച്ചിട്ടുണ്ട്. ആയില്യം തിരുനാൾ മഹാരാജാവ് എഴുന്നെള്ളിയിരുന്നാണ്, ഇതിന്റെ പണി നടത്തിയതെന്നു പറയപ്പെടുന്നു. ഇത്തരം തുരങ്കങ്ങൾ കേരളത്തിൽ മറെറാരുമില്ല. ഈ തുരങ്കം നിർമ്മിച്ച സായിപ്പിനെപ്പററി 'മയൂരസന്ദേശ'ത്തിലുള്ള പദ്യം മധു നീട്ടിച്ചൊല്ലി.

ഏതാനും നിമിഷങ്ങൾക്കകം ഞങ്ങൾ ശിവഗിരിക്കുന്നുകളുടെ താഴ്വാരത്തിലെത്തി. ഉയർന്നുയർന്നു പോകുന്ന കുന്നുകളിൽ പല തട്ടുകളിലായി മനോഹരങ്ങളായ മണ്ഡപങ്ങളും മന്ദിരങ്ങളും. തേന്മാവുകളുടെ തണലിൽ പരിലസിക്കുന്ന ശാരദാക്ഷേത്രം. കുന്നിന്റെ നിറുകയിൽ മാർബിൾകൊണ്ടും കരിങ്കൽകൊണ്ടും ശില്പസുന്ദരമായി നിർമ്മിച്ചുവെച്ചിരിക്കുന്ന ശ്രീ നാരായണന്റെ സമാധിമണ്ഡപം കണ്ണുകളേയും ഹൃദയത്തേയും കുളിർപ്പിക്കുന്ന കാഴ്ചകൾ! രവിയുടെ ക്യാമറ പലതവണ ശബ്ദിച്ചു. വിശുദ്ധിയുടെയും മഹത്വത്തിന്റെയും ഒരു പുതിയ ലോകത്തിൽ കടന്നതുപോലെ ഞങ്ങൾക്കു തോന്നി. സമാധിമണ്ഡപത്തിൽ നിന്നു നോക്കിയാൽ, കുറച്ചകലെയുള്ള കുന്നിൻചരുവിൽ, ഋഷിമാരുടെ ആശ്രമങ്ങൾപോലെയുള്ള ചില കുടിലുകൾ കാണാം. നടരാജഗുരു സ്ഥാപിച്ച ''ശ്രീ നാരായണഗുരുകുല''മാണ് അതു് എന്നു സുഹൃത്തുക്കൾ പറഞ്ഞു.

ശിവഗിരിക്കുന്നുകളിൽ ഔഷധവീര്യമുള്ള ചില നീരുറവകൾ ഉണ്ടെന്നു കേട്ടിരുന്നു. അവയിൽ ഒന്നെങ്കിലും കാണണമെന്ന് എനിക്കു മോഹമുണ്ടായി. ഒരു സ്നേഹിതൻ ഞങ്ങളെ കണ്വമ്പാമലയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. പാറപ്പുറത്തു് ഒരിക്കലും വററാത്ത ഒരു നീരുറവ. ഒരു ചെറിയ കുളത്തോളം വരും. കണ്വമഹർഷി ഇവിടെയിരുന്നാണത്രേ തപസ്സ് ചെയ്തിരുന്നതു് ആ തീർത്ഥജലം ഞങ്ങൾ കോരിക്കുടിച്ചു. അതിന്റെ കുളിർമ്മയും ശുദ്ധിയും ആരെയും ആകർഷിക്കും. ആ അരുവി ഉൾപ്പെടെ ഇരുപതു ഹെക്ടാർ സ്ഥലം വിലയ്ക്കു വാങ്ങി ഒരു വെള്ളക്കാരൻ ഇവിടെ ഒരാശ്രമം ഉണ്ടാക്കിയിട്ടുണ്ടു്

രണ്ടു ഹൈസ്ക്കൂളുകളും ശ്രീ നാരായണകോളേജും ഇവിടെയുള്ള പ്രധാന വിദ്യാകേന്ദ്രങ്ങളാണ് അവയും ശ്രീ നാരായണ മെഡിക്കൽ

മിഷനം മററും കാണണമെന്നു് ഞങ്ങാംക്ക താത്പര്യമുണ്ടായിരുന്നു. വിശപ്പിൻെറ വിളിയെ അവഗണിക്കാൻ വയ്യാതെവന്നതിനാൽ തൽക്കാലം പിൻതിരിയേണ്ടിവന്നു. തിരിച്ചുവരുമ്പോാം അനേകം ''വിവാഹ സഹ്യാലയ''ങ്ങളുടെ ബോഡുകാം വഴിയരുകിൽ കണ്ടു.

വക്ലെയിൽ എവിടെ നോക്കിയാലും പച്ചപിടിച്ച കുന്നുകളും നെൽപ്പാടങ്ങളും കുലകുത്തി കായ്ച്ചുകിടക്കുന്ന തെങ്ങിൻ തോപ്പുകളുമേ കാണാനുള്ളൂ. ശ്രീ നാരായണൻെറ പ്രഭാവം സവ്ത്ര നിറഞ്ഞു നില്ക്കുന്നതുപോലെ തോന്നും.

ഇവിടത്തെ ഗ്രാമീണജനങ്ങാം അധികവും കൃഷിക്കാരാണു്. തൊഴിലില്ലാതെ വലയുന്നവരും വളരെയുണ്ടു് മീൻപിടിത്തം ഇവിടത്തെ ഒരു പ്രധാന തൊഴിലാണു് സിംഗപ്പൂരിലും മററും പോയി ധാരാളം പണം സമ്പാദിച്ചുകൊണ്ടുവന്നു് സുഖമായി കഴിയുന്നവരും പലരുണ്ടു് വഴിക്ക പലയിടത്തും വക്ലെയുടെ വാടിയ മുഖങ്ങളും ഞങ്ങാം കണ്ടു.

പരശുരാമൻ പണ്ടു് ഇവിടെവച്ചു് ഒരു യാഗം നടത്തി എന്നും, സ്വർണ്ണപ്പൊടി ഭൂമി മുഴവൻ വാരി വിതറി എന്നും, നിരവധി സ്വർണ്ണനാണയങ്ങാം മണ്ണിൽ കുഴിച്ചിട്ടു എന്നും പഴമക്കാർ പറയാറുണ്ടു്. ആ കഥ തെറേറാ ശരിയോ ആകട്ടെ. അധ്വാനിക്കുന്നവക്കു് വക്ലെ ഇന്നും സ്വർണ്ണം വിളയുന്ന നാടുതന്നെ. അഞ്ചും പത്തും സെൻറു ഭൂമിയിൽ കഴിഞ്ഞുകൂടുന്ന കുടുംബങ്ങാം വളരെയുണ്ടു് തൊഴിലോ വരുമാനമോ ഇല്ലാതെ അലയുന്ന പട്ടിണിപ്പാവങ്ങാം! അവക്കു് ഈ സ്വർണ്ണഭൂമിയെപ്പററിയുള്ള അഭിപ്രായം എന്തെന്നറിഞ്ഞില്ല.

രണ്ടുമണിയോടെ ഞങ്ങാം ശ്രീ. പ്രകാശത്തിൻെറ വസതിയിലെത്തി. അദ്ദേഹം ഞങ്ങാംക്കു് ഗംഭീരമായ ഒരു വിരുന്നു് ഒരുക്കിയിരുന്നു. ശ്രീ. പ്രകാശവും ഭാര്യയും കോളേജദ്ധ്യാപകരാണു്. അവരുടെ സരസസംഭാഷണങ്ങാം കേട്ടുകൊണ്ടു് വിശ്രമിക്കാൻ കിടന്ന ഞങ്ങാം ഉറങ്ങിപ്പോയതറിഞ്ഞില്ല.

നാലുമണിക്ക ഗൃഹനാഥൻ ഞങ്ങളെ വിളിച്ചുണത്തി. സ്വർണ്ണഭൂമിയെക്കുറിച്ചുള്ള കിനാവുകാം എനിക്ക നഷ്ടമായി. പക്ഷേ വിഭവസമൃദ്ധമായ കാപ്പി മേശപ്പുറത്തിരിപ്പുണ്ടായിരുന്നു.

ഞങ്ങാം ആ ദമ്പതികളോടും, വക്ലെയോടും യാത്രപറഞ്ഞശേഷം കാറിൽ കയറി പുനലൂക്ക തിരിച്ചു.

2. തൂക്കുപാലം

ഞങ്ങൾ ഇന്നലെ വൈകിട്ട് ആറുമണിയോടെ കൊല്ലം-കൊട്ടാരക്കരവഴി പുനലൂർ എത്തി. കൊല്ലത്തുനിന്ന് കിഴക്കോട്ട് 45 കിലോമീററർ ദൂരമുണ്ട് പുനലൂർക്ക്. പത്തനാപുരം താലൂക്കിന്റെ കേന്ദ്രം ഇതാണ്.

സത്രത്തിലായിരുന്നു രാത്രി താമസം. സഞ്ചാരികൾക്ക് താമസത്തിനും ഭക്ഷണത്തിനും സൗകര്യമുള്ള ലോഡ്ജുകളും ഇവിടെ കുറവല്ല. എങ്കിലും, സത്രത്തിൽ മുറികൾ കിട്ടുമെങ്കിൽ ആരും അതേ ഇഷ്ടപ്പെടൂ. കല്ലടയാററിന്റെ കിഴക്കേക്കരയിൽ, തൂക്കുപാലത്തിനു തൊട്ടടുത്താണ് ഈ സർക്കാർ മന്ദിരം. വിശാലമായ പറമ്പ്. ചുററും മതിൽക്കെട്ട്. എല്ലാ സൗകര്യങ്ങളുമുള്ള രണ്ടു വലിയ ബംഗ്ലാവുകൾ. തണൽമരങ്ങൾ. രാത്രി കൊതുകിന്റെ ശല്യം കുറേശ്ശ ഉണ്ടെന്നുമാത്രം.

രാത്രിയിലെ ഭക്ഷണം സത്രം സൂക്ഷിപ്പുകാരൻ വാങ്ങിക്കൊണ്ടുതന്നു. രുചികരമായ വിഭവങ്ങൾ. വിലയ്ക്കു കുറവൊന്നുമില്ല. രാത്രി വിശ്രമം വേണമെന്ന് നിശ്ചയിക്കയാൽ ആരും പുറത്തേയ്ക്കിറങ്ങിയില്ല. ഊണുകഴിഞ്ഞ് എല്ലാവരും ഉറങ്ങി.

പുതച്ചുമൂടി ഉറങ്ങിക്കിടന്ന ഞങ്ങളെ ശ്രീ. കൃഷ്ണൻനായരാണ് രാവിലെ വിളിച്ചുണർത്തിയത്. സമയം ഏഴുമണികഴിഞ്ഞിരുന്നു. കുളിയും കാപ്പികുടിയുമെല്ലാം വേഗം നടത്തിയിട്ട് ഞങ്ങൾ ടൗണിലേയ്ക്കിറങ്ങി.

ഒരു നഗരം എന്ന് പുനലൂരിനെ വിളിക്കാമോ? എനിക്ക് സംശയമാണ്. തൂക്കുപാലം മുതൽ പടിഞ്ഞാറോട്ട് ഒന്നരകിലോമീററർ റോഡിന്റെ ഇരുവശവും ഞെരുങ്ങി കടകമ്പോളങ്ങൾ. ഇടയ്ക്കിടെ കുറെ സർക്കാർ ആഫീസുകൾ. ബസ്സും കാറും ലോറിയും നിറഞ്ഞൊഴുകുന്ന നിരത്തുകൾ. ഇത്രയേഉള്ളൂ ടൗൺ. കിഴക്കൻ മലകളുടേയും തെക്കും വടക്കുമുള്ള കുന്നുകളുടേയും നടുക്ക്, ഒരു സിന്ദൂരപ്പൊട്ടുപോലുണ്ട്. ഒററ നോട്ടത്തിൽ പുനലൂർ.

കൊല്ലം-ചെങ്കോട്ട റോഡ് നഗരമദ്ധ്യത്തിലൂടെ കടന്നുപോകുന്നു. റോഡിന്റെ തെക്കും വടക്കും വശങ്ങളിൽ വയലുകളാണ്. അതിന

പ്പുറം വലിയ കുന്നുകൾ. ടൗണിന്റെ കിഴക്കേഅതിരിൽക്കൂടി, റോഡ് മുറിച്ചുകൊണ്ടു, കല്ലടയാർ ഒഴുകുന്നു. ഇവയ്ക്കിടയിലുള്ള അല്പമായ സ്ഥലത്ത് ജനങ്ങൾ തിങ്ങിപ്പാർക്കുകയാണ്. ഉയർന്ന കെട്ടിടങ്ങളും വ്യാപാരശാലകളും വ്യവസായ സ്ഥാപനങ്ങളും ഗവൺമെന്റു മന്ദിരങ്ങളുമെല്ലാം ശ്വാസംമുട്ടി നില്ക്കുന്നതുപോലെ തോന്നും.

കൃഷിക്കും കച്ചവടത്തിനും വ്യവസായങ്ങൾക്കും പണ്ടേ പേരുകേട്ടതാണ് പുനലൂർ. കിഴക്കൻ മലംപ്രദേശങ്ങളിലെ വിളവുകൾ മുഴുവൻ നാട്ടിന്റെ നാനാഭാഗത്തേയ്ക്കും കയററി അയയ്ക്കുന്നത് ഇവിടെ നിന്നാണ്. പാണ്ടിനാട്ടിൽനിന്ന് തിരുവിതാംകൂറിലേയ്ക്കു വരുന്ന വ്യാപാരികളുടെ ആദ്യത്തെ താവളവും ഇതുതന്നെ. ഇവിടത്തെ വ്യാപാരികളിലും, വ്യവസായികളിലും നല്ലൊരു പങ്കു തമിഴരാണ്. മധ്യതിരുവിതാംകൂറിലെ മികച്ച ഒരു വാണിജ്യകേന്ദ്രമാണ് പുനലൂർ. ഇവിടത്തെ അങ്ങാടിനിലവാരം ആകാശവാണി പ്രക്ഷേപണം ചെയ്യുന്നത് നീയും കേട്ടിരിക്കും. കയററുകൂലി ഇനത്തിൽ വളരെ കൂടുതൽ വരവുള്ള ഒന്നാണ് പുനലൂർ റെയിൽവേ സ്റ്റേഷൻ.

പുനലൂർ എന്ന പേരുണ്ടായതെങ്ങനെ എന്നറിവാൻ നിനക്കും ആഗ്രഹം കണ്ടേയ്ക്കും. ഏതു പുതിയ പേരുകേട്ടാലും അതിന്റെ അർത്ഥമെന്തെന്ന് നീ ചോദിക്കാറുണ്ടല്ലോ. ആ സ്വഭാവം എനിക്കിഷ്ടമാണ്. അറിവ് വളർത്താൻ അത് ഉപകരിക്കും. 'പുനൽ' എന്ന വാക്കിന് തമിഴിൽ 'വെള്ളം' എന്നാണ് അർത്ഥം. പുനൽ ഊരു്. എന്നാൽ ''വെള്ളമുള്ള സ്ഥലം''. നൂററാണ്ടുകൾക്കു മുൻപെ ആര്യങ്കാവ് മലമ്പാതകൾവഴി. കേരളത്തിലേയ്ക്കു കടന്നുവന്നിരുന്ന തമിഴന്മാർ വെള്ളം കിട്ടാനുള്ള സൗകര്യം നോക്കി കല്ലടയാററിന്റെ ഈ ഭാഗത്തു വന്നാണ് താമസിച്ചിരുന്നതു്. അവർ ഇതിനെ പുനൽ ഊർ—പുനലൂർ എന്ന് വിളിച്ചുവന്നു. ശ്രീരാമനോട് യുദ്ധത്തിനായി ഖരൻ വാൾ ഊരിയസ്ഥലം 'കരവാളൂർ' എന്നും, വാൾ ഉറയിൽ ഇട്ട സ്ഥലം ''വാളകം'' എന്നും, വീണ്ടും ഊരിയസ്ഥലം 'പുനരൂർ' എന്നും പേരു നേടി എന്നൊരു കഥയുണ്ട്.

രാമായണത്തിലെയും ഭാരതത്തിലെയും കഥകളോട് ബന്ധപ്പെടുത്തി എന്തെങ്കിലും പറയാനില്ലാത്ത സ്ഥലങ്ങൾ കേരളത്തിൽ ചുരുക്കമാണ് !

പുനലൂർ തൂക്കുപാലത്തെക്കുറിച്ചും, പുനലൂർ പേപ്പർമില്ലിനെക്കുറിച്ചും, കേൾക്കാത്ത കേരളീയർ കാണുകയില്ല. നീ തന്നെ അവയെക്കുറിച്ച് പലപ്പോഴും എന്നോട് ചോദിച്ചിട്ടുണ്ട്. കേരളത്തിലെയും തമിഴ് നാട്ടിലെയും സ്കൂൾ കുട്ടികൾക്ക് തൂക്കുപാലം ഇന്നും 'ഒരത്ഭുതവസ്തു' ആണ് അതു കാണാൻ വന്നുകൊണ്ടിരിക്കുന്ന വിനോദയാത്രാസംഘങ്ങൾക്ക് കണക്കില്ല.

ഞങ്ങൾ നേരെ തൂക്കുപാലത്തിലേക്ക് നടന്നു.

പുനലൂർടൗണിനെ കുളിർപ്പിച്ചുകൊണ്ട് തെക്കുവടക്കായിഒഴുകിക്കൊണ്ടിരിക്കുന്ന കല്ലടയാറിനു കുറുക്കെയാണ് ഈ പാലം. കൊല്ലം—ചെങ്കോട്ട റോഡ് ഈ പാലത്തിലൂടെ കടന്നുപോകുന്നു തെക്കേ ഇന്ത്യയിൽ തൂക്കുപാലം ഇതൊന്നുമാത്രമേ ഉള്ളൂ. കാൽനടക്കാരുടെയും വാഹനങ്ങളുടെയും പ്രവാഹംകൊണ്ട് പാലത്തിൽ എപ്പോഴും വലിയ തിരക്കായിരിക്കും. തൂക്കുപാലത്തിൽനിന്ന് നാലുപാടും നോക്കുമ്പോൾ കാണുന്ന കാഴ്ച അതിമനോഹരമാണ്. കളകള ശബ്ദത്തോടെ ഇരുകരയും മുട്ടി നിറഞ്ഞൊഴുകുന്ന കല്ലടയാർ. തീരങ്ങളിൽ ഇടതൂർന്നു വളർന്നുകിടക്കുന്ന മുളംക്കൂട്ടങ്ങളും ആററുവഞ്ചിപ്പടർപ്പുകളും, അവയ്ക്കിടയിലൂടെ തലയുയർത്തിനില്ക്കുന്ന വ്യവസായ ശാലകളും ഭവനങ്ങളും. കിഴക്കൻ കുന്നുകളിൽ തഴച്ചുനിൽക്കുന്ന റബ്ബർത്തോട്ടങ്ങൾ. ക്രിസ്തുവിൻെറ മഹത്തായ ത്യാഗത്തെ വിളിച്ചറിയിക്കുന്ന കുരിശുകൾ ഉയർത്തിനില്ക്കുന്ന പള്ളികൾ. വടക്കുവശത്തെ കുന്നിൻചരുവിൽ നിരനിരയായി പൊന്തിനില്ക്കുന്ന ഹൈസ്കൂൾ മന്ദിരങ്ങൾ. കഷ്ടിച്ച് 61 മീററർ താഴെ, കല്ലടയാറിനും കായങ്കുളം റോഡിനും മീതെക്കൂടി കടന്നുപോകുന്ന കൂററൻ റയിൽവേപ്പാലം. പടിഞ്ഞാറെ കരയ്ക്കു പുതുമോടിചേർത്തു നില്ക്കുന്ന ട്രാൻസ്പോർട്ട് സ്റ്റേഷൻ.

രവിയുടെ ക്യാമറ പലതവണ ക്ലിക്കുചെയ്തു.

1877—ൽ രാജവാഴ്ചക്കാലത്ത് യൂറോപ്യൻ എൻജിനീയർമാർ നിർമ്മിച്ചതാണ് 122 മീററർ നീളമുള്ള ഈ പാലം. അതിനുമുൻപ് ഈ സ്ഥലത്ത് പലതവണ പാലങ്ങൾ കെട്ടുകയുണ്ടായി. പക്ഷേ അ

യെല്ലാം കല്ലടയാർ പുഴക്കി എറിഞ്ഞുകളഞ്ഞു. മേലാൽ അങ്ങനെ ഒരാപത്തു് നേരിടാതിരിക്കാനായിട്ടാണു് വിചിത്രമായ ഈ പാലം പണിഞ്ഞതു്. പൊക്കമേറിയ കരിങ്കൽത്തൂണുകളുടെ ഇരുവശങ്ങളിലും തൂക്കിയിട്ടിരിക്കുന്ന ഇരുമ്പുചങ്ങലകളിലാണു് ഈ പാലം ഘടിപ്പിച്ചിട്ടുള്ളതു് ഉരുക്കുചട്ടങ്ങളിൽ പലകകൾ നിരത്തി താഴത്തെ തട്ടു് നിർമ്മിച്ചിരിക്കുന്നു. ചങ്ങലകളിൽനിന്നു് താഴോട്ടു വരുന്ന കമ്പികളിൽ ഈ തട്ടു് കൊളുത്തിയിരിക്കുന്നു. അനേകം ലോറികളും ബസ്സുകളും ഒരേസമയം ഇതിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. വലിയഭാരം കയറുമ്പോൾ പാലം ഉയരുകയും ഊഞ്ഞാലാടുകയും ചെയ്യുന്നതു് രസമുള്ള കാഴ്ചയാണു് രണ്ടുകരയ്ക്കുമുള്ള നാലു് കിണറുകൾവഴി ചങ്ങലകൾ ആററിനടിയിലൂടെ അന്യോന്യം ബന്ധിപ്പിച്ചിരിക്കയാണു് എന്നു് പറയപ്പെടുന്നു.

ഇപ്പോൾ പണ്ടത്തെപ്പോലെ ഭാരം താങ്ങാൻ മൂപ്പുക്കു കഴിവില്ലത്രെ. ഇതിനെ ഒരു സ്മാരകമെന്നോണം കാൽനടക്കാർക്കുവേണ്ടി സൂക്ഷിച്ചുകൊണ്ടു്, തെക്കുവശത്തുകൂടി പുതിയൊരു കോൺക്രീററു് പാലം നിർമ്മിച്ചുകൊണ്ടിരിക്കുകയാണു്.

പാലത്തിന്റെ പടിഞ്ഞാറേ കരയിൽ നിന്നു് ആററുതീരത്തൂടെ വടക്കോട്ടു് ഒരു റോഡുണ്ടു് തൃക്കോതേശ്വരം എന്ന മഹാക്ഷേത്രത്തിലേയ്ക്കുള്ള വഴിയാണു്, അതു്. ഞങ്ങൾ അങ്ങോട്ടു തിരിച്ചു് ഉദ്ദേശം ഒന്നര കിലോമീററർ നടന്നു് കല്ലടയാറിന്റെ പടിഞ്ഞാറെകരയിൽ ഉയർന്നുനില്ക്കുന്ന അമ്പലത്തിന്റെ നടയിലെത്തി. നൂററാണ്ടുകൾ പഴക്കമുള്ള ആ മഹാക്ഷേത്രത്തിന്റെ മുന്നിൽനിന്നപ്പോൾ എനിക്കു രോമാഞ്ചമുണ്ടായി. മനുഷ്യന്റെ സൗന്ദര്യബോധവും ഈശ്വരവിശ്വാസവും അവിടെ കരിങ്കല്ലിലൂടെ അനശ്വരമാക്കി വച്ചിരിക്കുന്നു.

അവിടത്തെ ഗ്രാമവൃദ്ധന്മാരോടു് സംസാരിച്ചതിൽനിന്നു് ഞങ്ങൾക്കു ചില പുതിയ അറിവുകൾ കിട്ടി. പുനലൂർ പണ്ടു്, ഒരു രാജവംശമുണ്ടായിരുന്നു എന്നും അവരുടെ പരദേവതയുടെ ക്ഷേത്രമാണു് ഇതെന്നും ഉള്ള വാർത്ത പുതിയ തലമുറയ്ക്കു് പുത്തരിയായിരിക്കും. പണ്ടു് കൊട്ടാരം സ്ഥിതിചെയ്തിരുന്ന പറമ്പിലാണു്, ഇന്നു് താലൂക്കു കച്ചേരി, പോലീസ് സ്റ്റേഷൻ തുടങ്ങിയ ഗവണ്മെൻറു ആഫീസുകൾ സ്ഥാപിച്ചിരിക്കുന്നതു് പഴയ കൊട്ടാരങ്ങളുടെ അവശിഷ്ട

ങ്ങൾ ഒന്നും ഇന്നില്ല. ഊട്ടുപുരക്കെട്ടിടം മാത്രം പഴയപടി നില കൊള്ളുന്നു. ഇപ്പോൾ അതു് മൃഗാശുപത്രിക്കുപയോഗിക്കയാണു്. പാണ്ഡ്യരാജവംശവുമായി പുനലൂർ രാജാക്കന്മാർക്കു് ബന്ധമുണ്ടായി രുന്നു. ഈ വംശത്തിലെ 'കോതവർമ്മ' എന്നൊരു തമ്പുരാൻ പണി കഴിപ്പിച്ചതിനാലാണു് 'തൃക്കോതേശ്വരം' എന്ന പേരുകിട്ടിയതു്. ശിവനാണു് പ്രതിഷ്ഠ. മതിൽക്കെട്ടിനു പുറത്തു് വടക്കുപടിഞ്ഞാറെ മൂലയിൽ 'തിരുവാമ്പാടി' ക്ഷേത്രം കാണാം. മുൻവശത്തെ വലിയ ബലിക്കല്ലിന്റെ ചുവട്ടിൽ കണ്ട ശിലാരേഖകൾ വായിക്കാൻ ഞങ്ങൾ ശ്രമിച്ചുനോക്കി. പററിയില്ല. കോലെഴുത്തു് എന്ന പഴയ ലിപിയാണു്. അക്ഷരങ്ങൾ അധികവും തേഞ്ഞുപോയിരിക്കുന്നു.

ഞങ്ങൾ അവിടെനിന്നു് ശാസ്താംകോണം അയ്യപ്പക്ഷേത്രം കടന്നു് നേരെ പേപ്പർ മില്ലിലേയ്ക്കാണു് പോയതു്. കുന്നും കുഴിയും നിറഞ്ഞ ഒരു കുറുക്കുവഴി. മുക്കാൽ കിലോമീററർ നടന്നാൽ മില്ലിന്റെ പ്രധാന ഗേററിൽ എത്താം. നഗരമധ്യത്തിൽനിന്നു മില്ലിലേയ്ക്കുള്ള ടാറിട്ട റോഡു് വേറെയുണ്ടു്. ഉദ്ദേശം ഒന്നര കിലോമീററർ ദൂരമേയുള്ളു.

കല്ലടയാററിന്റെ തെക്കേക്കരയിൽ വനഭംഗികൾക്കു നടുവിൽ സ്ഥിതിചെയ്യുന്ന വിസ്തൃതമായ ഫാക്ടറികൾ ഞങ്ങൾ നടന്നുകണ്ടു. മുൻകൂട്ടി അനുവാദം വാങ്ങിയിരുന്നതുകൊണ്ടു ഞങ്ങൾക്കു അകത്തു കട ക്കാൻ വിഷമമുണ്ടായില്ല. ഒരു വഴികാട്ടിയെ മാനേജർ ഞങ്ങൾക്കു സഹായത്തിനായി അയച്ചുതന്നു. ലോറിക്കണക്കിനുള്ള ഈററയും മുള യും മററും യന്ത്രത്തിന്റെ ഒരററത്തുള്ള വായിലേയ്ക്കു ഇട്ടുകൊടുക്കുന്നു. അങ്ങേത്തലയ്ക്കൽ എത്തുമ്പോഴേയ്ക്കും അവ ഒന്നാന്തരം കടലാസ്സായി വീഴുന്നതുകണ്ടു് നമുക്കു അത്ഭുതം തോന്നും. ഇപ്പോൾ തടികളും പേപ്പറു ണ്ടാക്കാൻ ഉപയോഗിച്ചുവരുന്നു. പഴന്തുണികൾ, ചാക്കുകൾ, പഴയ കടലാസ്സുകൾ, കളിമണ്ണു് തുടങ്ങിയ സാധനങ്ങൾകൊണ്ടും പേപ്പർ ഉണ്ടാക്കാം ഇപ്പോൾ എല്ലാ ഇനം കടലാസ്സുകളും ഇവിടെ ഉണ്ടാ ക്കുന്നുണ്ടു്

"ഏഷ്യയിലെ ഏററവും പഴക്കമുള്ള ഈ പേപ്പർമിൽ 1888-ലാ ണു് ആരംഭിച്ചതു്" ഒരുദ്യോഗസ്ഥൻ ഞങ്ങൾക്കു വിവരിച്ചുതന്നു "സാമ്പത്തികനഷ്ടംകൊണ്ടും മററും ഇടയ്ക്കിടെ പ്രവർത്തനം മുടങ്ങും. മാസങ്ങളോ കൊല്ലങ്ങളോ കഴിഞ്ഞു് വീണ്ടും തുടങ്ങും. ഒന്നാംലോക

മഹായുദ്ധംവരെ ഇങ്ങനെ വീണ്ടും എണ്ണീററും മുന്നോട്ടുപോയി. അന്നു് പേപ്പറിനു കഠിനമായ ക്ഷാമം നേരിട്ടു, 'മീനാക്ഷി പേപ്പർമിൽസ്' എന്ന പേരിൽ പുതിയൊരു കമ്പനിയായി മിൽ പ്രവർത്തിക്കാൻ തുടങ്ങി. 1931_ൽ ''പുനലൂർ മിൽസ്'' എന്ന പുതിയ സ്ഥാപനം രൂപമെടുത്തു. 1937_ൽ ഹാർവി കമ്പനി ഏറെറടുത്തതോടെ മില്ലിൻെറ പ്രവർത്തനം ശക്തിപ്പെട്ടു. 600 ടണ്ണിൻെറ സ്ഥാനത്തു ഒരാണ്ടിൽ 10.000 ടൺ കടലാസ്സു് ഉണ്ടാക്കാൻ അവക്കു കഴിഞ്ഞു. വടക്കേ ഇന്ത്യയിലെ ഒരു വലിയ വ്യവസായി ആയ 'ദാൽമിയ' ആണു് ഇപ്പോൾ മില്ലിൻെറ ഉടമസ്ഥൻ. പ്രതിദിനം ശരാശരി 35_40 ടൺ പേപ്പർ ഇവിടെ നിർമ്മിക്കുന്നുണ്ടു് ''

കല്ലടയാററിനു് കുറുകെ ഒരു അണകെട്ടി മില്ലിലേയ്ക്കു ആവശ്യമുള്ള വെള്ളമെടുക്കുന്നു. ഞങ്ങൾ അണയിലേയ്ക്കുപോയി. അതിൻെറ മുകളിലൂടെ നടന്നു് മറുകരെ പോകാൻ രവിക്കും മററും മോഹം തോന്നി. അണക്കെട്ടു് പായൽപിടിച്ചുകിടക്കുകയാണു്. ശക്തിയായ നീരൊഴുക്കുമുണ്ടു്. കാലുതെററിയാൽ പാതാളത്തിലായിരിക്കും ചെന്നു വീഴുക. ഏതായാലും ആ സാഹസത്തിൽ നിന്നു് ഞാൻ അവരെ പിൻതിരിപ്പിച്ചു.

നടന്നു കുഴഞ്ഞ ഞങ്ങൾ മിൽക്യാൻറീനിൽനിന്നു് ചൂടു ചായ വാങ്ങിക്കുടിച്ചു ക്ഷീണം തീർത്തു. ആയിരത്തിൽപരം തൊഴിലാളികൾക്കും 250_ൽ അധികം ഉദ്യോഗസ്ഥന്മാക്കും ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുന്ന ഈ വ്യവസായസ്ഥാപനം ഞങ്ങളിൽ മതിപ്പുളവാക്കി.

ഉച്ചയ്ക്കു് ടൗണിൽവന്നു് ഊണു കഴിച്ചശേഷം ഗവണ്മെൻറുവക പ്ലൈവുഡു് ഫാക്ടറിയിലേക്കു കാർവിട്ടു. ഉദ്ദേശം മൂന്നു കിലോമീററർ ടൗണിൽനിന്നു വടക്കുമാറി കല്ലടയാററിൻെറ തീരത്താണു് ഈ സ്ഥാപനം. കായങ്കുളം_പുനലൂർ റോഡിൽ മുക്കടവു് പാലത്തിനു് സമീപത്തുനിന്നു് ഫാക്ടറിയിലേയ്ക്കു് വഴിതിരിഞ്ഞു പോകുന്നു. വർഷകാലത്തു് സംഹാരരൂപിണിയായിമാറുന്നമുക്കടവാറു് ഈ ഫാക്ടറിക്കു് അടുത്തുവച്ചാണു് കല്ലടയാററുമായി ചേരുന്നതു്. ഞങ്ങൾ ഫാക്ടറിക്കുള്ളിലേയ്ക്കു് കടന്നു. ആനയോളം വലിപ്പമുള്ള തടിക്കഷണങ്ങൾ യന്ത്രങ്ങൾതന്നെ തൂക്കിയെടുത്തു് നിമിഷത്തിനകം കടലാസ്സു പരുവത്തിൽ ചുരുളുചുരുളായി ചെത്തിത്തള്ളുന്ന പണി നോക്കിനില്ക്കാൻ രസമുണ്ടു്. പിന്നീടു് ഈ മരപ്പാളികൾ ഒട്ടിക്കുന്നതും മിനുക്കുന്നതു

മെല്ലാം യന്ത്രങ്ങൾതന്നെ. ഈ ഫാക്ടറി കൂടുതൽ കൂടുതൽ വികസിപ്പിച്ചുകൊണ്ടിരിക്കയാണ്. മുന്നൂറോളംപേർ ഇവിടെ ജോലിചെയ്യുന്നു. ഇതുകൂടാതെ രണ്ടു പ്ലൈവുഡ് ഫാക്ടറികൾകൂടി ഇവിടെയുണ്ട്. അവ സ്വകാര്യകമ്പനികളാണ് നടത്തുന്നതു്.

മൂന്നുമണിയോടെ ഞങ്ങൾ സത്രത്തിൽ മടങ്ങിവന്നു. വരാന്തയിൽ കുറെ കസേരകളിട്ട്, കാററുകൊണ്ടും വെടിപറഞ്ഞും ഇരുന്നു വിശ്രമിച്ചു. സത്രത്തിന്റെ തിണ്ണയിലിരുന്ന് പടിഞ്ഞാട്ടുനോക്കിയാൽ വൃത്താകൃതിയിലുള്ള ചെമ്മന്തൂർകുന്നിന്റെ ഉച്ചിയിൽ, അസ്തമനസൂര്യന്റെ ചെങ്കതിരുകൾ തട്ടി തിളങ്ങി നില്ക്കുന്ന 'ശ്രീ നാരായണകോളേജ്' കാണാം. വിദ്യാഭ്യാസത്തിൽ പുനലൂർ മുൻപന്തിയിലാണ് ടൗണിൽ, രണ്ടു കിലോമീററർ ചുററളവിനകത്തു്, അഞ്ചു ഹൈസ്കൂളുകളും 20-ൽപ്പരം പ്രൈമറിസ്കൂളുകളുമുണ്ട്.

കൈതച്ചക്കയുടെയും റബ്ബറിന്റെയും നാടാണ് പുനലൂർ. കൃഷിക്കും വ്യവസായത്തിനും ഒരുപോലെ പേരുകേട്ടതാണ് ഈ പ്രദേശം. നഗരത്തിന് ഉൾക്കൊള്ളാൻ വയ്യാത്തത്ര ജനങ്ങൾ ഇവിടെയുണ്ട് ഇതിൽ നല്ലൊരു പങ്ക് വന്നുംപോയുമിരിക്കുന്ന വിദേശികളാണ്

കേന്ദ്രഗവണ്മെൻറുവക കാലാവസ്ഥാനിരീക്ഷണകേന്ദ്രം സത്രത്തിന്റെ തെക്കേഭാഗത്തു് കാണാം.

രാത്രി ഭക്ഷണത്തിനുശേഷം ഞങ്ങൾ സത്രത്തിൽ ഉറങ്ങി.

3. ധർമ്മശാസ്താവിൻെറ തറവാട്

ഞങ്ങൾ ഇന്നു രാവിലെ പന്തളത്തു് എത്തി; ശ്രീ ധർമ്മശാസ്താവിൻെറ തറവാട്ടിൽ. ആലപ്പുഴ ഡിസ്ട്രിക്ടിൽ മാവേലിക്കര താലൂക്കിൻെറ കിഴക്കേ അററത്താണു് പന്തളം. എം. സി. റോഡ് ഇതിലേ കടന്നുപോകുന്നു

അച്ചൻകോവിലാററിൻെറ തീരത്തു് അടുത്തടുത്തു് കുറെ വീടുകളുണ്ടു്. തീരെ ചെറിയ വീടുകളും ഇടയ്ക്കിടെ വലിയ മാളികകളും. പന്തളം രാജാക്കന്മാരുടെ കോവിലകങ്ങളാണു് ഇവ. പഴയ പ്രതാപമൊന്നും ഇന്നില്ല. ഒരിടത്തരം തമ്പുരാൻെറ കോവിലകത്തിരുന്നുകൊണ്ടാണു് ഞാൻ ഈ കത്തെഴുതുന്നതു് പന്തളം കവലയിൽനിന്നു് കഷ്ടിച്ചു മുക്കാൽ കിലോമീററർ ദൂരം വരും. തമ്പുരാക്കന്മാരിൽ ചിലർ നമ്മുടെ സുഹൃത്തുക്കളാണു്. വിശ്രമത്തിനും താമസത്തിനുമുള്ള എല്ലാ ഏർപ്പാടുകളും മുൻകൂട്ടി ചെയ്തിരുന്നു. അതിഥികളെ സല്ക്കരിക്കുന്നതിൽ-പ്രത്യേകിച്ചും കലാകാരന്മാരെ പൂജിക്കുന്നതിൽ — ആ കുടുംബത്തിൻെറ പാരമ്പര്യം ഇന്നും നിലനില്ക്കുന്നു.

പന്തളം രാജവംശവും ശബരിമല അയ്യപ്പനുമായുള്ള ബന്ധം പ്രസിദ്ധമാണു് 'വേട്ടയ്ക്കുപോയ പന്തളത്തു തമ്പുരാനു' കാട്ടിൽനിന്നു് ഒരു ശിശുവിനെ കിട്ടി. അദ്ദേഹം ആ കുഞ്ഞിനെ കൊട്ടാരത്തിൽ കൊണ്ടുവന്നു് ഓമനിച്ചുവളർത്തി, അയ്യപ്പൻ എന്നു പേരിട്ടു. തേജസ്വിയായ ആ കുമാരൻ തമ്പുരാൻെറ കണ്ണിലുണ്ണിയായി വളൎന്നു. രാജസേവകന്മാർക്കു് അസൂയ വർദ്ധിച്ചു. അവർ തമ്പുരാട്ടിയെ പാട്ടിലാക്കി അയ്യപ്പനെ പുറത്താക്കിയില്ലെങ്കിൽ തൻെറ മകനു് രാജ്യം നഷ്ടപ്പെടുമെന്നു രാജ്ഞി ഭയന്നു. ഗൂഢാലോചനകൾ നടന്നു. തമ്പുരാട്ടി കഠിനമായ രോഗം ബാധിച്ചു മട്ടിൽ കിടന്നു. എന്തെല്ലാം ചികിത്സകൾ ചെയ്തിട്ടും ഫലമുണ്ടായില്ല. ഒടുവിൽ ചികിത്സിക്കാൻ പുലിപ്പാലു് കൂടിയേ തീരൂ എന്നു് വൈദ്യൻ വിധിച്ചു തമ്പുരാൻ ആകെ വിഷമിച്ചു. ഇതറിഞ്ഞു് അയ്യപ്പൻ കാട്ടിലേയ്ക്കുപോയി അദ്ദേഹം മടങ്ങിവരില്ലെന്നാണു് രാജസേവകന്മാർ വിചാരിച്ചതു്. പക്ഷേ, അത്ഭുതം! മൂന്നു പുലികളുമായി അയ്യപ്പൻ കൊട്ടാരത്തിൽ എത്തി. ഒരു കൂറ്റൻ പുലിയുടെ കഴുത്തിൽ ബാലനായ അയ്യപ്പൻ. ഇരുവശവും രണ്ടുപെൺപുലികൾ. പുലിപ്പാൽ കറന്നെടുത്തുകൊള്ളാൻ അയ്യപ്പൻ പറഞ്ഞു.

എല്ലാവരും പരിഭ്രമിച്ചു. തമ്പുരാട്ടിയുടെ രോഗത്തിന്റെ കള്ളി പുറ
ത്തായി. താൻ ഇനി ഇവിടെ താമസിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും
ശബരിമലയിലേയ്ക്കു പോകയാണെന്നും അയ്യപ്പൻ പറഞ്ഞു. മണ്ഡല
വ്രതമെടുത്തു് ഇരുമുടിയും താങ്ങി അവിടെ വന്നാൽ ഭക്തന്മാർക്കു്
തന്നെ കാണാം. എല്ലാകൊല്ലവും മകരമാസം ഒന്നാം തീയതി വളർത്ത
ച്ഛനെ സ്വീകരിക്കാൻ താൻ ഒരുങ്ങിയിരിക്കും എന്നു് അയ്യപ്പൻ ഉറപ്പു
നൽകി. അനന്തരം തമ്പുരാന്റെ കാൽക്കൽ വീണു നമസ്കരിച്ചിട്ടു്
അയ്യപ്പൻ ശബരിമലയിലേയ്ക്കു പോയി.

കേരളത്തിലും പുറത്തുമുള്ള ലക്ഷോപലക്ഷം ഭക്തജനങ്ങൾ ഈ
കഥ വിശ്വസിക്കുന്നു. അയ്യപ്പനോടൊപ്പം പന്തളത്തുതമ്പുരാനെക്കു
റിച്ചും അവർ കീർത്തനംചെയ്യുന്നു. കോവിലകത്തിന്റെ വളപ്പിൽ
തന്നെ ഒരു അയ്യപ്പക്ഷേത്രം ഉണ്ടു്. എന്നും ശബരിമലയിൽപോയി
ആരാധന നടത്താൻ പ്രയാസമായതുകൊണ്ടു് ഇവിടെത്തന്നെ അയ്യ
പ്പനെ പ്രതിഷ്ഠിച്ചിരിക്കയാണു്. അടുത്തുള്ള ഒരു വലിയ മാളിക
ചൂണ്ടിക്കാണിച്ചുകൊണ്ടു് ഒരു തമ്പുരാൻപറഞ്ഞു:—''അതാ ആ മാളി
കയിലാണു് അയ്യപ്പന്റെ തിരുവാഭരണപ്പെട്ടി സൂക്ഷിച്ചിരിക്കുന്നതു്
ആ കോവിലകമാണു് അയ്യപ്പന്റെ ഭവനം. എല്ലാകൊല്ലവും 'മകര
വിളക്കു'കാലത്തു് തിരുവാഭരണങ്ങൾ വാദ്യഘോഷങ്ങളോടെ
ശബരിമലയ്ക്കു കൊണ്ടുപോകും. വലിയതമ്പുരാനാണു് അകമ്പടി
സേവിക്കുക!''

ധർമ്മശാസ്താവിന്റെ തറവാട്ടിലാണു് ഇരിക്കുന്നതു് എന്നോർത്ത
പ്പോൾ ഞങ്ങൾക്കു് അഭിമാനം തോന്നി; എന്തോ വലിയ ഒരുകാര്യം
സാധിച്ചതുപോലെ. പണ്ടു പല നൂറ്റാണ്ടുകാലം കിഴക്കൻ മലയോര
ങ്ങളിൽ കൊടികുത്തി വാണിരുന്നതാണു് ഈ രാജവംശം. ഇന്നു്
ശബരിമലയോടു ബന്ധപ്പെട്ട ഐതിഹ്യത്തിൽ മാത്രമേ അവർക്കു്
സ്ഥാനമുള്ളു.

''പടപേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തംകൊളുത്തിപ്പട''
എന്ന പഴഞ്ചൊല്ലു് കേൾക്കാത്തവർ കേരളത്തിൽ കാണുകയില്ല. പന്ത
ളത്തുകാരുടെ പണ്ടത്തെ പരാക്രമങ്ങൾ അതിലടങ്ങിയിരിക്കുന്നു.
വീരമാർത്താണ്ഡവർമ്മയുമായുള്ള യുദ്ധത്തിൽ തോറോടിയ തെക്കുംകൂർ
സൈന്യം പന്തളത്തുവന്നപ്പോൾ, പന്തവും കൊളുത്തി രാത്രിയിൽ
പ്പോലും പൊരുതുന്ന പടയാളികളെ നേരിടേണ്ടിവന്നുവത്രേ.

ഇന്നു് മറെറാരു പോരാട്ടം അവിടെ നടന്നുകൊണ്ടിരിക്കയാണു് അധഃപതനത്തിലേയ്ക്കു വഴുതിവീണുകൊണ്ടിരിക്കുന്ന ജനതയെ ഉദ്ധരിക്കാനുള്ള പുതിയൊരുസമരം—കൃഷി, വിദ്യാഭ്യാസം, വ്യവസായം എന്നിവ വികസിപ്പിച്ചു് നാടിനെ ഉയർത്തുക. ഇതിനു് മുൻകൈ എടുത്തതു് മന്നത്തു പത്മനാഭനായിരുന്നു. എൻ. എസ്സ്. എസ്സ്. വക ബോയ്സ് ഹൈസ്കൂൾ. ഗേൾസ് ഹൈസ്കൂൾ, ആർട്ട്സ് കോളേജ് മെഡിക്കൽ മിഷൻ, പോളിടെക്നിക്ക്, മന്നം ഷുഗർമിത്സ് എന്നിവ പന്തളത്തിൻെറ മുഖച്ഛായ മാററിയ സ്ഥാപനങ്ങളാണു്.

ഞങ്ങൾ മന്നം ഷുഗർമിൽസിലേയ്ക്കു കാർവിട്ടു. പന്തളം കവലയിൽനിന്നു നാലു കിലോമീററർ പടിഞ്ഞാറു മാറി. ഉദ്ദേശം 29 ഹെക്ടർ വിസ്താരമുള്ള ഒരു പറമ്പിലാണു് ഈ ഫാക്ടറി സ്ഥാപിച്ചിട്ടുള്ളതു് പ്രധാനകെട്ടിടത്തിനു് ഉദ്ദേശം 107 മീററർ നീളവും ഉദ്ദേശം 23 മീററർ വീതിയുമുണ്ടു് 120 ലക്ഷം രൂപ വിലപിടിപ്പുള്ള യന്ത്രസാമഗ്രികൾ വിദേശത്തുനിന്നു് ഇറക്കുമതി ചെയ്തിട്ടുണ്ടെന്നു് മാനേജർ ഞങ്ങളോടു് പറഞ്ഞു. ഫാക്ടറിയുടെ എല്ലാ പ്രവർത്തനങ്ങളും ഞങ്ങൾ ചുററിനടന്നുകണ്ടു. ദിവസവും 1000 ടൺ കരിമ്പു് ആട്ടി പഞ്ചസാര എടുക്കാനുള്ള സൗകര്യം ഇപ്പോൾ ഇവിടെയുണ്ടു്. പക്ഷേ ഫാക്ടറിക്കു് ആവശ്യമുള്ളിടത്തോളം കരിമ്പു്കിട്ടാറില്ല. തന്മൂലം കൂടക്കൂടെ ഫാക്ടറി പൂട്ടിയിടേണ്ടിവരുന്നതായി അവിടെയുള്ള ജോലിക്കാർ പറയുന്നു. ഇത്ര വലിയ ഒരു സ്ഥാപനം അനേകമാസക്കാലം അടച്ചിടേണ്ടിവരുന്നതു് രാജ്യത്തിനു് നഷ്ടമാണു്. തൊഴിലാളികൾക്കു് ജോലിയില്ലാതാവും. പഞ്ചസാരയ്ക്കു ക്ഷാമവുമുണ്ടാകും

ഷുഗർമിത്സിൽ നിന്നിറങ്ങിയ ഞങ്ങൾ മെഡിക്കൽമിഷൻ, കോളേജുകൾ എന്നിവയും പോയികണ്ടു

മന്നത്തു പത്മനാഭനോടുള്ള ആദരവു് കാണിക്കാനായി നാട്ടുകാർ അദ്ദേഹത്തിൻെറ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ടു്

ഹരിജനങ്ങൾ വളരെക്കൂടുതലുള്ള ഒരു സ്ഥലമാണു് പന്തളമെന്നു് മുമ്പേ കേട്ടിട്ടുണ്ടു്. അവരുടെ ഒരു കേന്ദ്രം കണ്ടാൽകൊള്ളാമെന്നു് ഞങ്ങളിൽ ചിലർക്കു് ആഗ്രഹം തോന്നി. വഴികാട്ടിയായിവന്ന തമ്പ

രാൻ ഞങ്ങളെ ചേരിക്കൽ എന്ന സ്ഥലത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അഞ്ഞൂറിലധികം ഹരിജനകുടുംബങ്ങൾ അവിടെ ഞെരുങ്ങി പാർക്കുന്നുണ്ടു്. അവരുടെ ജീവിതനിലവാരത്തിൽ വന്നിട്ടുള്ള മാററം കണ്ടു് ഞങ്ങൾ അത്ഭുതപ്പെട്ടു. വൃത്തിയും വെടിപ്പുമുണ്ടു്; വേണ്ടത്രവിദ്യാഭ്യാസമുണ്ടു്; സ്വാതന്ത്ര്യമായും മാനമായും ജീവിക്കുന്ന മട്ടുണ്ടു്. മഹാത്മാഗാന്ധിയും സരോജിനി നായഡുവും മററും ഇവിടെ സന്ദർശിച്ചിട്ടുള്ളതായി ഒരു വൃദ്ധൻ അഭിമാനത്തോടെ പറഞ്ഞു. അധഃകൃതരായി കഴിഞ്ഞിരുന്ന ഇവർക്കു് ഇന്നത്തെ നില ലഭിച്ചതു് അവരൊക്കെ വന്നതുകൊണ്ടാകാം. ഞങ്ങളെക്കൊണ്ടു് എന്തു കിട്ടാനാണു്! ചൂരൽകൊണ്ടും ഈററകൊണ്ടും പായ്, വട്ടി, കുട്ട തുടങ്ങിയവ ഉണ്ടാക്കുകയാണു് അവരുടെ പ്രധാനതൊഴിൽ. അവർക്കു നന്ദി നേർന്നിട്ടു് ഞങ്ങൾ മടങ്ങി.

നോക്കുന്നിടത്തെല്ലാം നെല്ലും കരിമ്പും കപ്പയും തഴച്ചുകിടക്കുന്ന വിളഭൂമികൾ. നൂററാണ്ടുകളായി അച്ചൻകോവിലാററിലൂടെ വന്നടിഞ്ഞ എക്കലും ചെളിയും കൊണ്ടുണ്ടായതാണു് ആ മണ്ണു്. പഞ്ചസാര ഫാക്ടറി തുടങ്ങിയതോടെ, നെൽപ്പാടങ്ങളധികവും കരിമ്പിൻ തോട്ടങ്ങളായി മാറിയിട്ടുണ്ടു്. തെങ്ങും ഏത്തവാഴയും പച്ചക്കറികളും എവിടെയും നല്ലവണ്ണം വളരും. ഉള്ളിടത്തോളം ഭൂമിയിൽ എല്ലാം വിളയിച്ചെടുക്കാൻ പന്തളത്തെ കൃഷിക്കാർക്കു് പ്രത്യേക കഴിവുണ്ടു്. പട്ടിണി കിടക്കേണ്ടിവരുന്ന കൃഷിക്കാർ പന്തളത്തില്ല എന്നു് അവർ അഭിമാനത്തോടെ പറയും.

സ്വന്തമായി ഒരു സാഹിത്യപാരമ്പര്യമുള്ള നാടാണു് പന്തളം. നൂറോളം ഖണ്ഡകാവ്യങ്ങളും, രുഗ്മാംഗദ ചരിതം, വിജയോദയം എന്നീ മഹാകാവ്യങ്ങളും മററും എഴുതിയ പന്തളം കേരളവർമ്മ തമ്പുരാൻ പണ്ടത്തെ മഹാകവികളുടെ കൂട്ടത്തിൽ ശ്രദ്ധേയനാണു്. ''കവനകൗമുദി'' എന്ന പേരെടുത്ത പദ്യമാസിക ഇദ്ദേഹത്തിന്റേതായിരുന്നു. പന്തളം കൃഷ്ണവാര്യർ, പന്തളം രാഘവവർമ്മ തുടങ്ങിയവരും നല്ല കവികളായിരുന്നു. അയ്യപ്പനെക്കൊണ്ടുമാത്രമല്ല, കവികളെക്കൊണ്ടും കേരളീയരുടെ ഹൃദയം കവർന്നെടുത്ത നാടാണു് പന്തളം.

പന്തളം കവലയിലെ തിക്കും തിരക്കും ഭയങ്കരമാണു്. യാത്രക്കാരുടെയും വാഹനങ്ങളുടെയും ഒരു പ്രളയം എപ്പോഴും കാണാം.

തിരിച്ചു കോവിലകത്തുവന്നു് ഊണുകഴിഞ്ഞു വിശ്രമിച്ചു. ആ പുളിശ്ശേരിക്കും മെഴുക്കുപുരട്ടിക്കും കണ്ണിമാങ്ങാദാസ്സുമെല്ലാം ഒരു പ്രത്യേക സ്വാദു് അനുഭവപ്പെട്ടു. ധർമ്മശാസ്താവിന്റെ തറവാട്ടിൽ നിന്നു് ലഭിച്ച ആ വിരുന്നു് ഒരിക്കലും മറക്കുകയില്ല.

മൂന്നു മണിയോടെ ഞങ്ങൾ യാത്രപറഞ്ഞു് അമ്പലപ്പുഴയ്ക്കു പുറപ്പെട്ടു.

4. പാൽപ്പായസം

പാൽപ്പായസം, പാൽപ്പായസം എന്ന വിളികൾ കേട്ടുകൊണ്ടാണു് ഞങ്ങൾ അമ്പലപ്പുഴ കവലയിൽ എത്തിയതു്. പന്തളത്തു നിന്നു് ഇങ്ങോട്ടുള്ള യാത്രയിൽ ഞങ്ങളൊന്നു ഭയന്നു. കാറും ബസ്സുമായി കൂട്ടിയിടിച്ചു എന്നു കരുതി. ഡ്രൈവറുടെ സാമർത്ഥ്യംകൊണ്ടു് അപകടം ഒഴിവായെന്നു പറഞ്ഞാൽ മതിയല്ലോ.

പാൽപ്പായസത്തിന്റെ മധുരമായ വിളികൾ അടുത്തുവന്നു.

റെയിൽവേ സ്റ്റേഷനുകളിലെ 'വടൈ കോഫി' വിളികളും ബസ്സ്സ്റ്റാൻഡുകളിലെ 'സോഡാ നാരങ്ങാവെള്ളം' വിളികളും നാം ധാരാളം കേട്ടിട്ടുണ്ടു്. അവയോടു് വെറുപ്പും തോന്നിയിട്ടുണ്ടു്. എന്നാൽ ഇതങ്ങനെയല്ല. അമ്പലപ്പുഴ പാൽപ്പായസം, കൊട്ടാരക്കര ഗണപതിയുടെ ഉണ്ണിയപ്പം, പഴനിയിലെ പഞ്ചാമൃതം എന്നിവയുടെ മാധുര്യം, അനുഭവിച്ചവർക്കേ അറിഞ്ഞുകൂടൂ. അതു മാത്രമാണോ കാരണം ? പല നൂറ്റാണ്ടുകളിലെ ഭക്തിയും വിശ്വാസവും ഇവയെ പൊതിഞ്ഞു നില്ക്കുന്നു. ഇവയുടെ ദിവ്യത്വം വെളിവാക്കുന്ന അനവധി ഐതിഹ്യങ്ങൾ നാം കേട്ടിട്ടുണ്ടു്.

മുടങ്ങാതെ നടത്തിപ്പോരുന്നതാണു് പാൽപ്പായസനിവേദ്യം. ഇതു് തുടങ്ങിയിട്ടു് എത്രകൊല്ലമായി എന്നു് അറിവില്ല. ചെമ്പകശ്ശേരി രാജാക്കന്മാർ ഭരണം തുടങ്ങിയ നാൾമുതൽ ഇതുണ്ടായിരുന്നു എന്നു

തിന്' രേഖയുണ്ടു്. ദിവസം മൂന്നു പറ അരിയും മുപ്പത്താറുപറ പാലുമാണു് പായസത്തിനു വേണ്ടതു്. അമ്പലപ്പുഴെ വയ്ക്കുന്ന ഈ പായസത്തിന്റെ സ്വാദു് ഒന്നു പ്രത്യേകമാണു്. ആ വെള്ളോട്ടു വാർപ്പിനു് തന്നെ എന്തോ വിശേഷമുണ്ടത്രെ.

ഞങ്ങൾ പായസക്കച്ചവടക്കാരനായ ക്ഷേതനിൽനിന്നു് ഓരോ ഗ്ലാസ്സു് പായസം വാങ്ങിക്കുടിച്ചു. തൽക്കാലം വിശപ്പും ദാഹവും ഒന്നു ശമിച്ചു.

''സാക്ഷാൽ അമ്പലപ്പുഴ പാൽപ്പായസം തന്നെയാണോ ഇതു്!'' മധു നെററിചുളിച്ചുകൊണ്ടു ചോദിച്ചു.

''അല്ല; ആ പേരിൽ കച്ചവടക്കാർ കൊണ്ടുനടന്നു വില്ക്കുന്ന സാധനം''—ഞാൻ പറഞ്ഞു.

ചെമ്പകശ്ശേരിയിലെ പഴയ 'ഗോകുല'ങ്ങളെപ്പററി ഞാൻ ഓർത്തു. അമ്പലത്തിലേക്കു പാൽകൊടുക്കേണ്ടതിനുമാത്രം മുന്നൂറില്പരം വീട്ടുകാർ. എല്ലാ വീടുകളിലും തൊഴുത്തുനിറയെ പശുക്കൾ. ദിവസവുമുള്ള സദ്യക്കു കൊട്ടാരത്തിലേക്കു തൈരും മോരും നെയ്യും എത്തിച്ചുകൊടുക്കേണ്ടതു് ആ വീട്ടുകാർതന്നെ.

ഇന്നത്തെ അമ്പലപ്പുഴയും അതിനോടുചേർന്ന പ്രദേശങ്ങളും പഴയ ചെമ്പകശ്ശേരി രാജ്യത്തിൽ ഉൾപ്പെട്ടവയായിരുന്നു. സാഹിത്യത്തിലും ചരിത്രത്തിലും പേരുകേട്ടതാണു് ഈ രാജ്യം. അവിടത്തെ ഓരോ മണൽത്തരിക്കും കഥകൾ പറയാനുണ്ടാകും. ''ദേവനാരായണൻ'' എന്നു് സ്ഥാനപ്പേരുള്ള ഒരു നമ്പൂതിരിയായിരുന്നു ഈ രാജ്യത്തിന്റെ സ്ഥാപകൻ.

'ചെമ്പകനാട്ടിന്നലങ്കാര ഭൂതനാം
തമ്പുരാൻ ദേവനാരായണസ്വാമി'

എന്നു് കുഞ്ചൻനമ്പ്യാർ സ്തുതിക്കുന്നതു് അദ്ദേഹത്തിന്റെ സമകാലികനായിരുന്ന ചെമ്പകശ്ശേരി രാജാവിനെയാണു്.

പ്രകൃതിവിലാസത്തിന്റെ നൃത്തരംഗമായിരുന്നു ഈ പ്രദേശം. എവിടെയും പുഞ്ചപ്പാടങ്ങളും തെങ്ങിൻതോപ്പുകളും. പരാക്രമികളായ ജനങ്ങൾ. ഐശ്വര്യം നിറഞ്ഞ വേനലുകൾ. കൂത്തും പാഠകവും തുള്ളലും കൊണ്ടു സന്തോഷം നിറഞ്ഞ രാത്രികൾ.

രാജവാഴ്ചക്കാലത്തെ ഓർമ്മിപ്പിക്കാൻ ശ്രീകൃഷ്ണസ്വാമിക്ഷേത്രമേ ഇപ്പോൾ ഇവിടെ ഉള്ളൂ. കൊട്ടാരങ്ങളും കോവിലുകളുമെല്ലാം മാർത്താണ്ഡവർമ്മയുടെ ആക്രമണത്തോടെ മണ്ണടിഞ്ഞുപോയി. മന്ത്രിയായിരുന്ന തെക്കേടെത്തു ഭട്ടതിരിയുടെ ചതി നിമിത്തമാണു് ചെമ്പകശ്ശേരിക്കു തോൽവിപറ്റിയതെന്നു് പറയപ്പെടുന്നു. തിരുവിതാംകൂർ സൈന്യം കൊട്ടാരം വളഞ്ഞപ്പോഴും, അതൊന്നുമറിയാതെ ചെമ്പകശ്ശേരിത്തമ്പുരാൻ ചതുരംഗം വെച്ചുകൊണ്ടിരിക്കയായിരുന്നുപോലും.

രാജവാഴ്ചക്കാലത്തെ പേരുകേട്ട പല നമ്പൂതിരി കുടുംബങ്ങളും ഇന്നും നല്ലനിലയിൽ കഴിയുന്നുണ്ടു്. മാത്തൂർ, ചാലയിൽ, സമുദായത്തിൽ തുടങ്ങിയ നായർത്തറവാടുകളും കീർത്തികേട്ടവയാണു്

അമ്പലപ്പുഴക്ഷേത്രം നില്ക്കുന്ന പ്രദേശം പണ്ടു പുഞ്ചപ്പാടങ്ങളും തോടുകളുമായിരുന്നു എന്നും ചെമ്പകശ്ശേരി രാജാക്കന്മാർ നികത്തിയെടുത്തതാണെന്നും പഴമക്കാർ പറയുന്നു. ഭൂമിയുടെ കിടപ്പു കണ്ടാൽ അതു് വാസ്തവമാണെന്നു തോന്നും. ചെമ്പകശ്ശേരിയുടെ തലസ്ഥാനം 'പുറക്കാടു്' ആയിരുന്നു. പോർട്ടുഗീസുകാർ ചെമ്പകശ്ശേരിയുമായി പിണങ്ങി പുറക്കാടു് ആക്രമിച്ചതായി ചരിത്രത്തിലുണ്ടു്. ആ പ്രദേശത്തെ പതിനായിരക്കണക്കിനു തെങ്ങുകൾ വെട്ടി നശിപ്പിച്ചാണു് അവർ വൈരാഗ്യം തീർത്തതു്.

അമ്പലപ്പുഴയുടെ കടൽത്തീരങ്ങൾ കൂടക്കൂടെ കടൽ വിഴുങ്ങാറുണ്ടു്. തോട്ടപ്പള്ളി മുതൽ ചേർത്തലവരെ ഈ ആക്രമണങ്ങൾ വളരെ കൂടുതലാണെന്നു് നാട്ടുകാർ പറഞ്ഞു. 'കടലാക്രമണം' പത്രങ്ങളിൽ വായിച്ചുള്ള അറിവേ ഞങ്ങൾക്കുണ്ടായിരുന്നുള്ളു. അതൊന്നു നേരിട്ടു കാണാനായി ഞങ്ങൾ പുറക്കാട്ടേയ്ക്കു പോയി. അവിടെക്കണ്ട കാഴ്ചകൾ ആർക്കും നടുക്കമുണ്ടാക്കുന്നവയായിരുന്നു. നിരവധി മുക്കുവക്കുടിലുകൾ വീണുപോയിരിക്കുന്നു. അവിടെയുണ്ടായിരുന്ന ഉപ്പുചിറട്ടുവരെ കടൽ കവർന്നെടുത്തു. തഴച്ചു വളർന്നുനിന്നിരുന്ന തൈത്തെങ്ങുകൾപോലും പിഴുതുമറിഞ്ഞു കിടക്കുന്നു. തകർന്നുകിടക്കുന്ന കുടിലുകളിലേയ്ക്കു നോക്കി കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുന്ന സ്ത്രീകളെയും കുട്ടികളെയും അവിടെ കണ്ടു. എല്ലാ കൊല്ലവും അമ്പലപ്പുഴയ്ക്കു് ഈ ആപത്തുണ്ടാകാറുണ്ടു്. കിഴക്കൻ പ്രദേശങ്ങളിൽ വെള്ളപ്പൊക്കംകൊണ്ടുള്ള കെടുതികൾ; തീരപ്രദേശങ്ങളിൽ കടലാക്രമണം കൊണ്ടുള്ള നാശങ്ങൾ.

കടലാക്രമണം തടയാനായി ഗവണ്മെൻറ് അവിടെ കരിങ്കൽ ചിറ നിർമ്മിച്ചു. ഊക്കൻ കരിങ്കല്ലുകൾ കൊണ്ടുവന്ന് മതിൽപോലെ അട്ടിവെച്ചു. തിരമാലകൾ അവയെ വിഴുങ്ങിക്കളഞ്ഞു. ലക്ഷക്കണക്കിന് ഉറുപ്പിക വെള്ളത്തിലായി. വീണ്ടും പിറകോട്ടു മാറി പുതിയ കൽച്ചിറ ഉണ്ടാക്കി. അതും കടലെടുത്തു. കടലും മനുഷ്യനും തമ്മിലുള്ള മത്സരം ഇപ്പോഴും അവിടെ നടന്നുകൊണ്ടിരിക്കയാണ്.

''ഒരു രാത്രിപോലും സമാധാനത്തോടെ ഒന്നുറങ്ങാൻ കഴിയില്ല.'' കടലിൽ കഴിയുന്ന സാധുക്കൾ തങ്ങളുടെ കഷ്ടപ്പാടുകൾ പറയാൻ തുടങ്ങി. ''രാവും പകലും തിരകളോട് മല്ലടിച്ചാലേ വിശപ്പുമാറാൻ വക കിട്ടൂ. അതുംകൊണ്ട് കരയ്ക്കുകയറി വരുമ്പോൾ കിടപ്പാടം കാണുകയില്ല.'' കരളലിയിക്കുന്ന കഥകൾ!

അമ്പലപ്പുഴ കരുമാടിക്കുട്ടനെപ്പററി പണ്ട് എവിടെയോ വായിച്ചു ഓർമ്മയുണ്ടായിരുന്നു. ഒരു വിദ്യാർത്ഥി സുഹൃത്തിനെയും കൂട്ടി ഞങ്ങൾ കരുമാടിയിൽ എത്തി. കൊല്ലം–ആലപ്പുഴ കനാൽ (തോട്) കടന്നുപോകുന്നതു് അതിലെയാണ്. ചുററുപാടും ഒന്നാന്തരം കൃഷിഭൂമികൾ. അവിടെയൊരു ചെറിയ പാലമുണ്ട്, കരുമാടിപ്പാലം. പാലത്തിൽനിന്ന് അല്പമകലെ 'കാമപുരം' എന്നൊരു അമ്പലമുണ്ട്. അതിനടുത്തു്, പാടത്തിന്റെ പടിഞ്ഞാറെ-കരയ്ക്കു തോട്ടുവക്കത്തായി തന്നെ കരുമാടിക്കുട്ടന്റെ വിഗ്രഹം—ഉയർന്ന പീഠത്തിലിരിക്കുന്ന കടുംകറുപ്പുനിറമുള്ള കരിങ്കൽ വിഗ്രഹം. മുഖത്തിന്റെ ഒരു ഭാഗം അല്പം അടർന്നുപോയിട്ടുണ്ട്. മദമിളകിയ ഒരാന കുത്തിപ്പൊട്ടിച്ചതാണെന്നാണ് കേഴ്‌വി. കരുമാടിക്കുട്ടനെ ഇപ്പോഴത്തെ മണ്ഡപത്തിൽ പ്രതിഷ്ഠിച്ചിട്ട് അധികം കാലമായില്ല. നൂററാണ്ടുകളായി മഴയും മഞ്ഞും വെയിലും മററുംകൊണ്ട് 'കുട്ടൻ' വയലിൽ കഴിയുകയായിരുന്നു. കനാലിൽക്കൂടി ബോട്ടിൽ സഞ്ചരിക്കുന്നവരെ അനുഗ്രഹിച്ചുകൊണ്ടും ചിലർക്ക് രാത്രിയിൽ ഭയമുളവാക്കിക്കൊണ്ടും. കരുമാടിക്കുട്ടനെപ്പററി പല കഥകളും ഇവിടെ പ്രചാരത്തിലുണ്ട്. ഇതു് ശ്രീബുദ്ധന്റെ വിഗ്രഹമാണെന്നാണ് ചരിത്രപണ്ഡിതന്മാരുടെ അഭിപ്രായം.

അമ്പലപ്പുഴ എന്നു കേട്ടാൽ ആദ്യം നാം ഓർക്കുക കുഞ്ചൻ നമ്പ്യാരെക്കുറിച്ചായിരിക്കും. ആ മഹാകവിയുടെ ജീവിതം മുക്കാലും അമ്പലപ്പുഴയിലാണ് കഴിച്ചുകൂട്ടിയതു്. ചെമ്പകശ്ശേരി രാജ്യം പിടി

ച്ചടക്കിയപ്പോൾ മാർത്താണ്ഡവർമ്മ കുഞ്ചൻനമ്പ്യാരെക്കൂടി തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോയി. കുറച്ചുകാലം നമ്പ്യാർ അവിടെ കഴിഞ്ഞു. ഉണ്ണായിവാര്യരും രാമപുരത്തുവാര്യരും മററും അന്ന് അവിടെ ഉണ്ടായിരുന്നു. ഏതോ കാരണങ്ങളാൽ തിരുവനന്തപുരത്തു താമസം ഒടുവിൽ നമ്പ്യാർക്കു മടുത്തു. മഹാരാജാവിൻെറ അനുവാദം വാങ്ങി വീണ്ടും അമ്പലപ്പുഴയ്ക്കു പോന്നു. നമ്പ്യാർക്കു അവിടെയൊരു വീടും 'പറമ്പും അഞ്ചുകാലും കോപ്പും അഞ്ഞാഴി പാൽപ്പായസവും' മഹാരാജാവ് അനുവദിച്ചു കൊടുത്തു. അമ്പലത്തിന് തൊട്ടുകിഴക്ക് 'നമ്പ്യാർമഠം' എന്ന പറമ്പിലായിരുന്നു ആ മഹാകവിയുടെ വീട് ഞങ്ങൾ ആ പറമ്പിലേയ്ക്കു ചെന്നു. അദ്ദേഹം താമസിച്ചിരുന്ന ആ പഴയ മൺകുടിൽ അവിടെയെങ്ങാനുമുണ്ടോ എന്നറിയാനായിരുന്നു ഞങ്ങൾക്ക് ആഗ്രഹം. പക്ഷേ നിരാശയാണുണ്ടായതു്. പുതിയ മനോഹരമായ ഒരു കെട്ടിടം അവിടെ തലയുയർത്തിനില്ക്കുന്നു. കേരള സർക്കാർ പണികഴിപ്പിച്ച 'കുഞ്ചൻ സ്മാരകം' ആണ് അതു്

ആ പറമ്പിൽ നില്ക്കുമ്പോൾ നമ്പ്യാരെപ്പററിയുള്ള നൂറുനൂറു സ്മരണകൾ എൻെറ മനസ്സിലേയ്ക്കു് തള്ളിക്കയറി വന്നു. തുള്ളൽപ്പാട്ടുകളുടെ ഉത്ഭവം അമ്പലപ്പുഴവച്ചാണ്. ചാക്യാരോട് പിണങ്ങി, നമ്പ്യാർ ഒററ രാത്രികൊണ്ട് കല്യാണസൗഗന്ധികം തുള്ളൽ നിർമ്മിച്ചു. വേഷങ്ങളുമുണ്ടാക്കി. പിറേറന്നു സന്ധ്യയ്ക്കു്, ചാക്യാർ വടക്കേ ആൽത്തറയിൽ 'കൂത്തു്' ആരംഭിച്ചപ്പോൾ നമ്പ്യാർ തെക്കേ ആൽത്തറയിൽ കയറി 'തുള്ളൽ' തുടങ്ങി. അതൊരു പുതിയ കലാപ്രസ്ഥാനമായിരുന്നു. നമ്പ്യാരുടെ തുറന്നടിച്ച വിമർശനങ്ങളും കുടുകുടെ ചിരിപ്പിക്കുന്ന നേരംപോക്കുകളും, മനോഹരമായ വർണ്ണനകളും എല്ലാം ജനങ്ങൾക്ക് ഏററവും ഇഷ്ടപ്പെട്ടു. തുടർന്ന് അദ്ദേഹം അമ്പലപ്പുഴവെച്ച് അനേകം തുള്ളലുകൾ എഴുതി അരങ്ങേറി. അങ്ങനെ, തുള്ളൽപ്പാട്ടുകളുടെ ജന്മഭൂമി എന്ന കീർത്തി അമ്പലപ്പുഴയ്ക്കു കിട്ടി.

കലയിലും സാഹിത്യത്തിലും അമ്പലപ്പുഴയുടെ കീർത്തി ഇന്നും മങ്ങിയിട്ടില്ല. ഗുരുകുഞ്ചുക്കുറുപ്പ്, ഗുരുഗോപിനാഥ് തുടങ്ങിയ കഥകളിയാചാര്യന്മാർ, പ്രസിദ്ധനാഗസ്വരവിദ്വാന്മാരായ പണിക്കർ സഹോദരന്മാർ, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, തകഴി ശിവശങ്കരപ്പിള്ള, സർദാർ കെ. എം. പണിക്കർ,

പി. കെ. പരമേശ്വരൻ നായർ തുടങ്ങിയ സാഹിത്യ നായകന്മാർ, ഇവരെല്ലാം അമ്പലപ്പുഴയ്ക്കു അഭിമാനിക്കത്തക്ക സന്താനങ്ങളാണ്.

'പതിനെട്ടടവും പഠിച്ച പണിക്കര'ന്മാരുടെയും 'ഓണമ്പള്ളി നാസ്യ'ന്റെയും മററും നേതൃത്വത്തിൽ പണ്ട് ഇവിടെ വച്ചു നടന്നിരുന്ന യുദ്ധപരിശീലനത്തിന്റെ ഓർമ്മയെ നിലനിർത്തുന്ന ചടങ്ങാണ് 'അമ്പലപ്പുഴ വേലകളി'. ഉത്സവകാലത്ത് അമ്പലത്തിൽ വെച്ചാണ് ഇത് നടത്തുക. അരയും തലയും മുറുക്കി, വാളും പരിചയുമേന്തി പടയാളികൾ അണിനിരന്നു നിന്ന്, ഓതിരവും കടകവും വെട്ടുന്നതു കാണേണ്ട ഒരു കാഴ്ച തന്നെ.

ഞങ്ങൾ തിരിച്ചു കവലയിലേയ്ക്കു വരുമ്പോൾ ഹരിക്ക് ഒരു സംശയം. ''പാൽപ്പായസത്തിന്റെ നാട്ടിൽ പട്ടിണികിടക്കേണ്ടി വരുമോ?''

''തീർച്ചയായും''—മധു പറഞ്ഞു ''അമ്പലപ്പുഴയുടെ ആ മുഖങ്ങളും നാം കണ്ടില്ല.''

നാലുമണിയോടെ ഞങ്ങൾ തൃക്കാക്കരയ്ക്കു പുറപ്പെട്ടു.

5. തൃക്കാക്കര

ചരിത്രം കിനാവു കാണുന്ന തൃക്കാക്കരയിൽ, ഓണത്തപ്പന്റെ നാട്ടിൽ ഇരുന്നുകൊണ്ടാണ് ഞാൻ ഈ കത്തെഴുതുന്നത്.

ഇന്നലെ വൈകിട്ട് ഞങ്ങൾ ഇവിടെ എത്തി. ഇങ്ങോട്ടുള്ള യാത്ര ഉന്മേഷകരമായിരുന്നു. പ്രശാന്തമായ നാട്ടിൻപുറങ്ങളും തിരക്കു പിടിച്ച നഗരങ്ങളും പിന്നിട്ടാണ് ഇവിടെ വന്നുചേർന്നത്. രാത്രി ഒരു സുഹൃത്തിന്റെ കൂടെ കഴിച്ചു.

''മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ''.

എന്ന പാട്ട് നീ പാടാറുള്ളതാണല്ലോ. പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണക്കാലത്ത് കേരളീയരുടെ കാതുകളെ കുളിർപ്പിക്കുന്നതാണ് ആ ഗാനം. കുളിച്ചു, കുറികളുമിട്ട്, സദ്യയുണ്ട്, കോടിയുടുത്ത് പെൺകിടാങ്ങൾ ഊഞ്ഞാലിന്റെ പുറവും വന്നുകൂടുന്നു. ഓണപ്പാട്ടുകൾ ഓരോന്നായി ഒഴുകാൻ തുടങ്ങുന്നു.

''എങ്ങുന്നു വന്നു കിളിക്കിടാവേ ?''

''തൃക്കാക്കര നിന്നു വന്നു ഞാനും. ''

''തൃക്കാക്കര എന്തു വാർത്തയുണ്ട്?''

എന്നിങ്ങനെ ചോദ്യോത്തരരൂപത്തിൽ, തൃക്കാക്കരയിലെ വിശേഷങ്ങൾ വർണ്ണിക്കുന്ന പാട്ടും അക്കൂട്ടത്തിലുണ്ട്. മഹാബലിയുടെയും തൃക്കാക്കരയപ്പന്റെയും കഥകൾ കേട്ടാണ് നാം വളരുന്നത്. സമൃദ്ധിയുടെ ഈ ഗാനങ്ങൾ ഓണക്കാലത്ത് ഏതു കുഗ്രാമത്തിന്റെ കോണിലും ഇന്നും മുഴങ്ങിനില്ക്കുന്നു.

നമ്മുടെ നാട്ടിൽ ഓണക്കാലത്ത് അത്തപ്പൂവിടൽ എന്നൊരു ചടങ്ങുണ്ടല്ലോ. നടുമുററത്ത് ചാണകം മെഴുകി മണ്ണുകൊണ്ട് ഓണത്തപ്പന്റെ ഒരു ബിംബമുണ്ടാക്കിവെക്കും. എന്നിട്ട് അത്തം മുതൽ പത്തുദിവസം പൂവിട്ടു പൂജിക്കും. പ്രഭാതത്തിൽ പൂക്കൂടകളുമായി കുട്ടികൾ ഓട്ടമാരംഭിക്കുന്നതു കാണാം. നിറമുള്ള പലതരം പൂക്കൾ പറിച്ചുകൊണ്ടുവരും. എല്ലാവരുംകൂടി ഓണത്തപ്പന് വട്ടമിട്ടിരുന്ന് മനോഹരങ്ങളായ പൂക്കളങ്ങൾ നിർമ്മിക്കും. ഈ പൂക്കളങ്ങൾ മോടിപിടിപ്പിക്കുന്നതിൽ നമ്മുടെ കുട്ടികൾ മത്സരിക്കുക പതിവാണ്. മററു വീടുകളിൽ ഉള്ളതിനെക്കാൾ മനോഹരമാക്കിത്തീർക്കണം സ്വന്തം പൂക്കളം. ഇതാണ് എല്ലാവരുടെയും ആഗ്രഹം. പൂക്കളും ശിശുക്കളും ചേർന്നുള്ള ഈ കലാമത്സരം ഓണത്തിന്റെ മാധുര്യം വർദ്ധിപ്പിക്കുന്നു.

തൃക്കാക്കരയപ്പന്റെ അമ്പലത്തിനു മുന്നിൽ ഓണക്കാലത്ത് നടത്തുന്ന പ്രധാന ചടങ്ങാണ് പൂവിടൽ. അവിടെ പോകാൻ സാധിക്കാത്തവർ അവനവന്റെ വീട്ടിൽവച്ച് നടത്തുകയാണ്

ഓണപ്പൂക്കൾ ഇറുത്തുകൊണ്ടുവരാൻ പറയുമ്പോൾ നമ്മുടെ അനിയനും മിനിയും നിന്നെ ചോദ്യങ്ങൾകൊണ്ട് വിഷമിപ്പിക്കുന്നു

ണംഗങ്ങൾ ഓർക്കുന്നുവോ ? ഈ മാവേലി ആരാണ്? അയാൾ നമ്മുടെ വീട്ടിലും വരുമോ ? തൃക്കാക്കരയപ്പൻ അമ്മിക്കുഴവി പോലാണോ ഇരിക്കുന്നതു് ? ഇങ്ങനെ എത്ര എത്ര ചോദ്യങ്ങൾ !

എറണാകുളം നഗരത്തിൽ നിന്നു് എഴെട്ട കിലോമീററർ കിഴക്കുമാറി കിടക്കുന്ന വിസ്തൃതമായ ഒരു ഗ്രാമമാണു് തൃക്കാക്കര. പ്രകൃതിദേവി ഈ നാടിനെ അകമഴിഞ്ഞു് അനുഗ്രഹിച്ചിരിക്കുന്നു. തൃക്കാക്കരയുടെ കേന്ദ്രമായ 'പാട്ടുപുരസ്ഥൽ' മൈതാനത്തിൽനിന്നു് ചുററും നോക്കുമ്പോൾ കാണുന്ന കാഴ്ച മറക്കാൻ പ്രയാസം. പച്ചപ്പട്ടു പുതച്ച കുന്നിൻപുറങ്ങൾ. ഫലവൃക്ഷങ്ങൾ വളർന്നു നിൽക്കുന്ന താഴ്വരകൾ. നീണ്ടുപരന്നു കിടക്കുന്ന പച്ച നെൽപ്പാടങ്ങൾ.

ശാന്തിയും ഐശ്വര്യവും നിറഞ്ഞു നിൽക്കുന്ന ഒരു തനി കേരളീയ ഗ്രാമമാണു് തൃക്കാക്കര. ചരിത്രവും ഐതിഹ്യങ്ങളും കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു പുരാതനഗ്രാമം.

പല നൂററാണ്ടുകാലത്തെ അജ്ഞാതവാസത്തിനുശേഷം തൃക്കാക്കര ഇപ്പോൾ ഉയിർത്തെഴുന്നേററിരിക്കയാണു്. ആധുനികമായ എല്ലാ സുഖസൗകര്യങ്ങളും ഇന്നു് ഇവിടെ ഉണ്ടായിട്ടുണ്ടു്. എല്ലാ മുക്കിലും മൂലയിലും നല്ല റോഡുകൾ. എവിടെയും വൈദ്യുതവിളക്കുകൾ, ഉന്നത വിദ്യാസ്ഥാപനങ്ങൾ, വായനശാലകൾ, ഗവൺമെൻറു മന്ദിരങ്ങൾ, കടകമ്പോളങ്ങൾ.

'ഭാരതമാതാ' കോളേജും കൊച്ചിസർവ്വകലാശാലയുടെ ഊക്കൻ കെട്ടിടങ്ങളും തൃക്കാക്കര അമ്പലത്തിനു് അടുക്കൽതന്നെ. അല്പമകലെ എൻ. എം. ടി. യുടെ ഗംഭീരമായ എടുപ്പുകൾ തലയുയർത്തി നില്ക്കുന്നു. എറണാകുളം നഗരം തൃക്കാക്കരയിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കയാണിപ്പോൾ. സിവിൽലൈൻസ്, എൻ. ജി. ഓ. ക്വാർട്ടേഴ്സ് മുതലായവ തൃക്കാക്കരയാണു് പണികഴിപ്പിക്കുന്നതു്.

'പാട്ടുപുരസ്ഥൽ' മൈതാനത്തിൽനിന്നു് ഞങ്ങൾ ഓണത്തപ്പൻെറ അമ്പലത്തിലേയ്ക്കു് പോയി. ചിന്തകൾ വീണ്ടും പഴയ കാലങ്ങളിലേയ്ക്കു ചിറകടിച്ചു പോയി.

'തൃക്കാക്കര' എന്നു പേരുണ്ടായതെങ്ങനെ എന്നറിയണ്ടേ? ഇതിൻെറ പണ്ടത്തെ പേരു് ''കാൽക്കരൈ'' എന്നായിരുന്നു

ത്രിവിക്രമന്റെ (വാമനനായി അവതരിച്ച വിഷ്ണു) സ്മരണയ്ക്കായി ശ്രീ കൂടി ചേർത്തു് ''തിരുകാൽകരൈ'' എന്നു് വിളിക്കാനാരംഭിച്ചു. കാലക്രമേണ അതു് രൂപാന്തരപ്പെട്ടു് തൃക്കാക്കര എന്നായി. പഴയ തമിഴ് സാഹിത്യഗ്രന്ഥങ്ങളിൽ, 'തിരുകാൽകരൈ' എന്ന പേരു കാണാം. കേരളത്തിലെ പതിമൂന്നു് 'ദിവ്യദേശങ്ങളിൽ ഒന്നായിരുന്നു ഇതെന്നു് ചരിത്രകാരന്മാർ പറയുന്നു. പെരുമാക്കന്മാരുടെ കീഴിൽ, 'കാൽകരൈ' രാജാക്കന്മാർ ഇവിടം ഭരിച്ചിരുന്നു എന്നതിനു് തെളിവുകളുണ്ടു്. ഇവരുടെയും പെരുമാക്കന്മാരുടെയും ശിലാലേഖനങ്ങൾ തൃക്കാക്കര അമ്പലത്തിലുള്ളതു് ഞങ്ങൾ കയറിക്കണ്ടു.

ഇപ്പോൾ നമ്മുടെ നാട്ടിലൊക്കെ അഞ്ചുദിവസമേ ഓണം ആഘോഷിക്കാറുള്ളു എന്നു് നിനക്കറിയാമല്ലോ. എന്നാൽ പണ്ടു് ഓണക്കാലത്തു് 28 ദിവസത്തെ ആഘോഷങ്ങളുണ്ടായിരുന്നു. അത്തം മുതൽ പത്തുദിവസം വളരെ പ്രധാനമായിരുന്നു. കേരളത്തിലെ എല്ലാ രാജാക്കന്മാരും പെരുമാളും തൃക്കാക്കര എഴുന്നള്ളിയിരുന്നാണു് പണ്ടു് ഓണം ആഘോഷിക്കാറുള്ളതു്, കൊച്ചിത്തമ്പുരാൻ അത്തംനാളിൽ തൃക്കാക്കരെയ്ക്കു പുറപ്പെടുന്ന ആഘോഷമാണു് ഇന്നും അത്തച്ചമയം എന്ന പേരിൽ അറിയപ്പെടുന്നതു്. 28 ഓണം 10 ഓണമായി ചുരുങ്ങി. പിന്നീടു് അതു് അഞ്ചായി. ചിലെടത്തു് മൂന്നു ഓണമേ ഉള്ളു. തിരുവോണം അവിട്ടം ചതയം. പഴയചടങ്ങു് മറക്കാതിരിക്കാനായി ഇരുപത്തെട്ടാം ഓണംകൂടി കൊണ്ടാടുന്നവരും നാട്ടിൻപുറങ്ങളിലുണ്ടു്. കൃഷിത്തൊഴിലാളികൾ അന്നു് പണിക്കു പോകയില്ല. ഓണംപോലെ അന്നും സദ്യയുണ്ടായിരിക്കും.

നമ്മുടെ ഉത്സവങ്ങളും ആഘോഷങ്ങളും ചുരുങ്ങിച്ചുരുങ്ങി വരികയാണു്. പലതും ഇല്ലാതാവുന്നുമുണ്ടു്. ആണ്ടിൽ വല്ലപ്പോഴുമൊക്കെ ആനന്ദിക്കാനുള്ള കുറെ ദിവസങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്. ഒരു പിറന്നാൾ മറന്നുപോയാൽ നമ്മുടെ മിനിക്കു് എന്തു പരാതിയും ദുഃഖവുമുണ്ടു്

ഞങ്ങൾ അമ്പലം ചുററിനടന്നു കണ്ടു. വാമനമൂർത്തിയാണു് പ്രതിഷ്ഠ. പണ്ടു് ഇവിടെ 28 ദേവന്മാരും 28 കിണറുകളും ഉണ്ടായിരുന്നു എന്നാണു് കേഴ്‌വി. ഇപ്പോൾ എട്ടു ശ്രീ. കോവിലുകളും നാലഞ്ചു് കിണറുകളുമേ ഉള്ളു. തൃക്കാക്കരയപ്പന്റെ വകയായി പണ്ടു് അമ്പത്തി

യാറു് ആനകളുണ്ടായിരുന്നുവത്രേ. ഇവയെ എല്ലാം നെററിപ്പട്ടമണിയിച്ചു നിരത്തി നിർത്തി ആലവട്ടം, വെഞ്ചാമരം, മുത്തുക്കുട എന്നിവ പിടിച്ചുകൊണ്ടു്, എഴുന്നള്ളിക്കുന്നതു് ഓണക്കാലത്തെ ഒരു പ്രധാന കാൎയ്യമായിരുന്നു.

ക്ഷേത്രത്തിനോടു് തൊട്ടടുത്തു് മുന്നിൽ കൂടുതൽ ഹെക്ടർ വിസ്താരമുള്ള 'ദാനോദകപ്പൊയ്ക'യുണ്ടു്. ഒടുക്കത്തെ ചേരമാൻപെരുമാൾ കേരളത്തെ തന്റെ മക്കൾക്കും മരുമക്കൾക്കുമായി പങ്കിട്ടുകൊടുത്തതു് ഈ പൊയ്കയുടെ തീരത്തുവച്ചായിരുന്നു എന്നാണു് ഐതിഹ്യം. ദാനത്തിനായി 'ഉദകം' (ജലം) കോരിയെടുത്ത കുളമായതുകൊണ്ടാണു് അതിനു് 'ദാനോദകപ്പൊയ്ക' എന്നു് പേരുണ്ടായതു്. ആ വിശാലമായ ചിറയുടെ കല്പടവുകളിൽ നിന്നപ്പോൾ ഞങ്ങളുടെ ഹൃദയം നൊന്തു. ഒന്നായിരുന്ന കേരളം തുണ്ടുതുണ്ടായി അധഃപതിക്കാനിടയാക്കിയ ദുരന്തം അവിടെ വച്ചാണു് നടന്നതു് ആ പടികളിൽപ്പോലും കണ്ണീരിന്റെ നനവു് ഉണ്ടായിരുന്നോ എന്നു് സംശയം. ഏതായാലും, നാടിന്റെ ഐക്യം തകർത്തിട്ടു മതംമാറി മക്കത്തേയ്ക്കും ഉടലോടെ സ്വൎഗ്ഗത്തേയ്ക്കും പോയ ആ പെരുമാളിനെ നമുക്കു മറക്കാൻ കഴിയുകയില്ല.

മഹാഭാരതത്തിൽ ഒരു 'അരക്കില്ല'ത്തിന്റെ കഥയുള്ളതു് ഓർക്കുമല്ലോ. കൗരവന്മാർ കോലരക്കുകൊണ്ടു് സുന്ദരമായ ഒരു മാളിക പണിയിച്ചു. പാണ്ഡവന്മാരെ അവിടെ താമസിപ്പിച്ചു. രാത്രി അരക്കില്ലത്തിനു് തീവച്ചു, പക്ഷേ പാണ്ഡവന്മാർ ഗുഹാമാൎഗ്ഗത്തിലൂടെ രക്ഷപ്പെട്ടു. ഇതാണു് കഥ. ഈ അരക്കില്ലം തൃക്കാക്കരയിൽ ഉണ്ടെന്നു് കേൾക്കുമ്പോൾ നിനക്കു് അത്ഭുതം തോന്നിയേക്കും. ഒരു പഞ്ചായത്തു ജീവനക്കാരൻ ഉറപ്പായി പറഞ്ഞു, മഹാഭാരതത്തിലെ അരക്കില്ലം അവിടെ അടുത്തു് ഇപ്പോഴും കാണാമെന്നു്. അതു് കാണാനായി ഞങ്ങൾ അയാളോടൊപ്പം നടന്നു.

കുററിച്ചെടികളും പുല്ലും വളർന്നു കിടക്കുന്നപറമ്പിലൂടെ കുറച്ചുദൂരം നടന്നാൽ ഒരു ഗുഹയിൽ എത്തും. ചതുരാകൃതിയിലുള്ള ആ ഗുഹയിലൂടെ ഒരു മനുഷ്യനു് നീണ്ടുനിവൎന്നു് നടന്നുപോകാം. മുകൾത്തട്ടിൽ നിന്നു് വെള്ളത്തുള്ളികൾ ഇററിററു വീഴുന്നുണ്ടു് എവിടെനിന്നോ

അല്പം വെളിച്ചവും അകത്തേയ്ക്കു കടന്നുവരുന്നുണ്ടു്. കാടുപിടിച്ചുകിടക്കുന്ന ഉയർന്ന തറ, വെന്തുപോയ അരക്കില്ലത്തിന്റെ അടിത്തറയാണെന്നു് വഴികാട്ടി പറഞ്ഞു.

അരക്കില്ലത്തിനു് തിരിച്ചു നടക്കുമ്പോൾ ശ്രീ. കൃഷ്ണൻ നായർ പറഞ്ഞു. ''ഏതോ ഒരു രാജാവു് ശത്രുക്കളിൽനിന്നു് രക്ഷപ്പെടാനായി ഉണ്ടാക്കിയ ഗുഹാമാർഗ്ഗമായിരിക്കാം ഇതു്.''

എന്റേയും അഭിപ്രായം അതായിരുന്നു.

ഹരിയും ഇതിലൊന്നിലും ശ്രദ്ധിക്കാതെ തൃക്കാക്കരയിലെ പ്രകൃതിഭംഗികൾ ആസ്വദിക്കയായിരുന്നു. ''ചങ്ങമ്പുഴക്കവിതയുടെ ഉറവിടം ഇതായിരിക്കാം.'' ഹരി അഭിപ്രായപ്പെട്ടു.

''ഇടപ്പള്ളി—ചങ്ങമ്പുഴയുടെ ജന്മദേശം—ഇതിനടുത്താണല്ലോ. 'രമണ'നിലെ ഗ്രാമസൗന്ദര്യം മുഴുവൻ തൃക്കാക്കരയിൽനിന്നു് പകർത്തിയതായിരിക്കണം'' മധു പറഞ്ഞു. വിശപ്പിന്റെ കൂടുതൽ കൊണ്ടു് ചർച്ചക്കു് ആരും ഒരുമ്പെട്ടില്ല.

ഉച്ചഭക്ഷണം ഒരു ഹോട്ടലിൽനിന്നു് കഴിച്ചു. ഊണു് എറണാകുളത്തേക്കാൾ വളരെ ഭേദമെന്നു് തോന്നി. അല്പം വിശ്രമിച്ചേ മതിയാകൂ എന്നായി സാഹിത്യകാരന്മാർ. നാലഞ്ചു ദിവസം തുടർച്ചയായി യാത്ര ചെയ്കയാൽ എല്ലാവരും ക്ഷീണിച്ചിരുന്നു.

യൂണിവേഴ്സിറ്റി സെന്ററിലെ ഒരുദ്യോഗസ്ഥൻ ഹരിയുടെ സഹപാഠി ആയിരുന്നു. അദ്ദേഹം വലിയൊരു കെട്ടിടം വാടകയ്ക്കെടുത്തു് ഒറ്റയ്ക്കു താമസമാണു്. രാത്രി അവിടെ തങ്ങി.

പിറേറന്നു് രാവിലെ ഞങ്ങൾ തൃക്കാക്കരയോടു് യാത്രപറഞ്ഞു് തിരിച്ചു പോകുമ്പോൾ ആ ദാനോദകപ്പൊയ്കയെ ഒന്നുകൂടി നോക്കാതിരിക്കാൻ കഴിഞ്ഞില്ല.

6. ശതാബ്ദങ്ങളുടെ ശവപ്പറമ്പിൽ

തൃക്കാക്കരെനിന്നു് ഞങ്ങൾ ഇന്നു രാവിലെ കൊടുങ്ങല്ലൂർ എത്തി. യാത്ര സുഖമായിരുന്നു. പുലർ വെളിച്ചത്തിൽ മുങ്ങിക്കുളിച്ചു നില്ക്കുന്ന പ്രകൃതി. ഉന്മേഷപ്രദമായ കുളിർകാററു്. ഉള്ളതുകൊണ്ടു് ഓണം പോലെ കഴിയുന്ന ഗ്രാമീണജനങ്ങൾ. ഞങ്ങൾ പല നഗരങ്ങളും ഗ്രാമങ്ങളും പിന്നിട്ടു. അവധി കഴിഞ്ഞു് സ്കൂളുകൾ തുറക്കുന്ന ദിവസമാണു്. യൂണിഫോറമിട്ടു് സഞ്ചിയും തൂക്കി നിരന്നുപോകുന്ന പിഞ്ചോമനകളെ വഴിക്കു പലേടത്തു കണ്ടു. ചിലേടത്തു് നിറങ്ങളുടെ ഒരു ഘോഷയാത്രയാണു്. ചിരിച്ചും കിന്നാരം പറഞ്ഞും പോകുന്ന ആ പുതിയ തലമുറയ്ക്കു് ഞങ്ങൾ നന്മനേർന്നു. നാളത്തെ പൂക്കളാണു് അവർ. നാടിന്റെ സമ്പത്തും.

'കൊടുങ്ങല്ലൂർ ഭരണി' എന്നു് കേൾക്കാത്തവർ ചുരുക്കമായിരിക്കും. കൊടുങ്ങല്ലൂരമ്മയെ എല്ലാവർക്കും ഭയവും വിശ്വാസവുമാണു്. അമ്മ പ്രസാദിച്ചാൽ മസൂരി വരികയില്ലെന്നാണു് പണ്ടേയുള്ള വിശ്വാസം, കോപിച്ചാൽ നാടുമുഴുവൻ 'കുരുപിടിച്ചു' മുടിഞ്ഞുപോകും. മുൻപൊരിക്കൽ ഒരു പിച്ചക്കാരി കൊടുങ്ങല്ലൂരമ്മയുടെ വേഷംകെട്ടി നമ്മുടെ വീട്ടിൽ വന്നു് നിങ്ങളെയെല്ലാം പേടിപ്പിച്ചതു് ഓർമ്മയില്ലേ?

ഞങ്ങൾ അമ്പലപ്പറമ്പിലേയ്ക്കു ചെന്നു. തണൽ വിരിച്ചു നിൽക്കുന്ന വളരെ ആൽത്തറകൾ. മററു ക്ഷേത്രങ്ങളിൽനിന്നു് കൊടുങ്ങല്ലൂരിനുള്ള ഒരു പ്രത്യേകതയാണു് അതു്. നമ്മുടെ നാട്ടിലൊക്കെയുള്ള അമ്പലങ്ങളിൽ, കൂടിയാൽ ഒരാൽമരം കാണും. ചിലേടത്തു് അതുമില്ല. ഇവിടെ മൂന്നു ക്ഷേത്രങ്ങൾ ഉണ്ടു്. അത്ര വലുതൊന്നുമല്ല. പ്രധാന ക്ഷേത്രത്തിൽ ഭദ്രകാളിയാണു് പ്രതിഷ്ഠ. ഭഗവതി എന്നാണു് വിളിക്കുക. 'ക്ഷേത്രപാല'നെയും 'മസൂരിമാല'യെയും പ്രതിഷ്ഠിച്ചിട്ടുള്ള രണ്ടു ചെറിയ അമ്പലങ്ങൾ അടുത്തുണ്ടു്.

പാണ്ഡ്യരാജാവിനോടു് പകവീട്ടിയ 'കണ്ണകി'യാണു് ഇവിടത്തെ ഭഗവതി എന്നാണു് ഐതിഹ്യം. കോവിലന്റെയും കണ്ണകിയുടെയും കഥയെ ആസ്പദമാക്കി 'ഇളങ്കോവടികൾ' നിർമ്മിച്ചതാണു് 'ചിലപ്പതികാരം' എന്ന പേരുകേട്ട തമിഴ് മഹാകാവ്യം. കൊടുങ്ങ

ല്ലൂർ വാണിരുന്ന ചേരൻ ചെങ്കുട്ടവപ്പെരുമാളിന്റെ സഹോദരനായിരുന്നു ഇളങ്കോവടികൾ. കൊടുങ്ങല്ലൂരമ്പത്തിൽ ചില രഹസ്യ അറകളുണ്ടെന്നു് പറയപ്പെടുന്നു. അവയെക്കുറിച്ചു പല അത്ഭുതകഥകളും പ്രചാരത്തിലുണ്ടു്. ഈ അറകൾ ഒരിക്കലും തുറക്കാൻ പാടില്ലെന്നാണു് വിശ്വാസം.

കൊടുങ്ങല്ലൂരിനെപ്പോലെ ചരിത്രത്തിൽ പേരുകേട്ട ഒരു പട്ടണം കേരളത്തിൽ വേറെയില്ല. ചില ചരിത്രകാരന്മാർ പറയുന്നതു് ഈ നഗരത്തിനു് അയ്യായിരം കൊല്ലത്തെ പഴക്കമുണ്ടെന്നാണു്. കേരളത്തിന്റെ പണ്ടത്തെ തലസ്ഥാനം ഇതായിരുന്നു. പശ്ചിമതീരത്തിലെ ഒരേയൊരു തുറമുഖം എന്ന നിലയിലും കൊടുങ്ങല്ലൂർ കീർത്തി നേടി. മുസിരിസ്, മുചിരി, മുയിരിക്കോടു്, മഹോദയപട്ടണം മഹാദേവപട്ടണം എന്നൊക്കെ പല പേരുകൾ ഇതിനുണ്ടായിരുന്നു. കൊടുങ്ങല്ലൂരിനു് ചുറ്റുമുള്ള തൃക്കണാ മതിലകം, തിരുവഞ്ചിക്കുളം, തൃക്കുലശേഖരപുരം തുടങ്ങിയ സ്ഥലങ്ങൾ ചരിത്രത്തിൽ പേരെടുത്തവയാണു്.

ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള തുറമുഖമായിരുന്നു കൊടുങ്ങല്ലൂർ. വിദേശസഞ്ചാരികളുടെ യാത്രാവിവരണങ്ങളിലെല്ലാം ഈ തുറമുഖത്തെപ്പറ്റി. വിശദമായി വർണ്ണിച്ചിട്ടുണ്ടു്. മൂവായിരം വർഷങ്ങൾക്കു മുൻപു് അറേബ്യ, ഈജിപ്ത്, റോം, ചീന, ബാബിലോണിയ തുടങ്ങിയ വിദേശരാജ്യങ്ങളുമായി കൊടുങ്ങല്ലൂരിനു് വാണിജ്യബന്ധമുണ്ടായിരുന്നു എന്നതിനു് തെളിവുണ്ടു്. നമ്മുടെ പായ്ക്കപ്പലുകൾ അന്നു് ലോകതുറമുഖങ്ങളിലെല്ലാം എത്തിയിരുന്നു. നമ്മുടെ കുരുമുളകും ഏലവും ചന്ദനവും ആനക്കൊമ്പും മറ്റും കയറ്റിക്കൊണ്ടു പോകാനായി വിദേശക്കപ്പലുകൾ കൊടുങ്ങല്ലൂർ അഴിമുഖത്തു് എപ്പോഴും കാത്തുകിടന്നിരുന്നു. ആ കാലത്തെക്കുറിച്ചു് ചിന്തിക്കുമ്പോൾ അഭിമാനം തോന്നുന്നു. ഇല്ലേ? കേരള ചക്രവർത്തിമാരായിരുന്ന പെരുമാക്കന്മാരുടെ രാജധാനിയും ഇതായിരുന്നു. ആറേഴു നൂറ്റാണ്ടുകാലം പെരുമാക്കന്മാർ കേരളമടക്കി ഭരിച്ചിരുന്നതായി നീ ചരിത്രത്തിൽ പഠിച്ചിട്ടുണ്ടല്ലോ. ഇന്നു് കൊടുങ്ങല്ലൂർക്കാർക്കുപോലും ഇതൊക്കെ പഴങ്കഥകളായി മാറിയിരിക്കയാണു്.

കൊടുങ്ങല്ലൂരിന്റെ അല്പം ചരിത്രം ഇവിടെ രേഖപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. നിനക്കു പഠിക്കാൻ വേണ്ടിയാണു് നമ്മുടെ

സ്കൂളുകളിൽ ഇന്ത്യയുടെയും ഇംഗ്ലണ്ടിന്റെയും ചരിത്രം പഠിപ്പിക്കും.
റോമായുടെയും ചീനയുടെയും ചരിത്രം പഠിപ്പിക്കും. അതോടുകൂടി
കേരളത്തിന്റെ ചരിത്രവും പഠിപ്പിച്ചുതുടങ്ങിയിട്ടുണ്ടു്. ക്രിസ്തുവർഷം
12-ാം നൂററാണ്ടു മുതൽ ഈ രാജ്യം വാണിരുന്നതു് കൊടുങ്ങല്ലൂർ തമ്പു്
രാക്കന്മാരായിരുന്നു. കോഴിക്കോട്ടു സാമൂതിരിക്കു് അവർ കപ്പം
കൊടുത്തിരുന്നു. വിദേശികളുടെ നിരന്തരമായ ആക്രമണങ്ങൾക്കു്
ഈ പട്ടണം ഇരയായിട്ടുണ്ടു്. പോർട്ടുഗീസുകാരാണു് കൊടുങ്ങല്ലൂ
രിനെ ആദ്യമായി ഒരു കരുതിക്കളമായി മാററിയതു്. 1505-ൽ അവർ
കൊടുങ്ങല്ലൂർ ആക്രമിച്ചുപിടിച്ചു. 1628-ൽ അഴിമുഖത്തു് ഒരു
കോട്ടയും പണിയിച്ചു. 1662-ൽ പോർട്ടുഗീസുകാരെ യുദ്ധത്തിൽ
തോല്പിച്ചു. ഡച്ചുകാർ ഈ നഗരം പിടിച്ചടക്കി. പിന്നീടു് ഹൈദ
രാലിയും ടിപ്പുസുൽത്താനും കൊടുങ്ങല്ലൂർ കോട്ട ആക്രമിച്ചു. 1789-ൽ
ഡച്ചുകാർ കൊടുങ്ങല്ലൂർകോട്ട തിരുവിതാംകൂറിനു വിററു. വീണ്ടും
മൈസൂർ സൈന്യം കോട്ടയെ ആക്രമിച്ചു. തിരുവിതാംകൂർ സൈന്യം
തോററു പിന്മാറി. സാമൂതിരിയുടെ ഭരണം അവസാനിപ്പിച്ചു് മല
ബാർ പ്രദേശം ബ്രിട്ടീഷുകാർ കൈവശപ്പെടുത്തിയതോടെ കൊടുങ്ങ
ല്ലൂർ കൊച്ചിരാജാവിനു് കിട്ടി. തുടർച്ചയായ ഈ യുദ്ധങ്ങൾ കൊടു
ങ്ങല്ലൂരിനെ തകർത്തുകളഞ്ഞു. ഇത്രയധികം 'കൊടുംകൊല'കൾ
മററൊരു നഗരത്തിലും നടന്നിരിക്കയില്ല. നിരന്തരമായ കൊലയും
കൊള്ളയും കൊള്ളിവെപ്പുംകൊണ്ടു് കൊടുങ്ങല്ലൂരിന്റെ ഐശ്വര്യം
നഷ്ടപ്പെട്ടു. അഴിമുഖത്തു് മണ്ണുവന്നടിഞ്ഞു് കാലക്രമേണ തുറമുഖവും
നശിച്ചു

ഞങ്ങൾ പോർട്ടുഗീസ് കോട്ടയുടെ അവശിഷ്ടങ്ങൾ കാണാൻ
പോയി. ആ സ്ഥലത്തിനു കോട്ടപ്പുറം എന്നാണു് പേർ. കൊടുങ്ങ
ല്ലൂർനിന്നു് മൂന്നു് കിലോമീററരോളം ദൂരമുണ്ടു് അങ്ങോട്ടു് അഴിമുഖ
ത്തേയ്ക്കു് പോകുന്ന വഴിയാണു് തകർന്നുപോയ കോട്ടയുടെ ചില
ഭാഗങ്ങൾ ഇപ്പോഴും കാണാനുണ്ടു്. നാലഞ്ചുമീററർ പൊക്കമുള്ള കുറെ
മൺകുന്നുകൾ. പുറവും കുററിക്കാടുകൾ. രണ്ടു് ഗുഹകൾ. തൊട്ടപ്പുറത്തു്
കായലാണു് കൊടുങ്ങല്ലൂരിന്റെ നാശത്തിനു വഴി തെളിച്ച ആ
കോട്ട ഇപ്പോൾ നശിച്ചുകിടക്കുകയാണു്. ഇപ്പോൾ പട്ടാളമില്ല. വെടി
യൊച്ചയില്ല; മൂകത മുററി നില്ക്കുന്നു.

ഞങ്ങൾ ആ മൺകുന്നുകളുടെ മുകളിൽകയറി നിന്നു് പടിഞ്ഞാട്ടു
നോക്കി. ആഞ്ഞിരമ്പി മറിയുന്ന അറബിക്കടൽ. നീല ജലനിര

ററിൽ സ്വർണ്ണപ്പൊടി വാരിവിതറുന്ന ഇളവെയിൽ. മുത്തും പവിഴവും ചൊരിഞ്ഞിട്ടുന്ന തിരമാലകൾ. ഞങ്ങൾ കണ്ണിമയ്ക്കാതെ നോക്കിനിന്നു.

ഇപ്പോൾ ഈ തുറമുഖത്ത് കപ്പലുകൾ ഇല്ല. വിദേശവ്യാപാരികൾ ഇല്ല. പണ്ടകശാലകൾ ഇല്ല. ജനത്തിരക്കില്ല. ശൂന്യത തളം കെട്ടിനിൽക്കുകയാണ്. നെടുങ്കോട്ടയുടെ അസ്ഥിക്കൂടം മാത്രമുണ്ട്. അതിന്റെ മുകളിലാണ് ഞങ്ങൾ നിൽക്കുന്നത്, ''നാലഞ്ചു മീനിനായി മുങ്ങുകയും പൊങ്ങുകയും'' ചെയ്യുന്ന ചീനവലകൾ അങ്ങിങ്ങു കാണാം.

ആ ചീനവലയും ഇടിഞ്ഞകോട്ടയും മററും ക്യാമറയിലേയ്ക്കു പകർത്താൻ രവി മറന്നില്ല. മഹാകവി ജി. യുടെ ''അഴിമുഖത്തേയ്ക്കു'' എന്ന കവിതയിലെ പല ഈരടികളും മധു ഇടയ്ക്കിടെ മൂളുന്നുണ്ടായിരുന്നു.

വെയിലിന് ചൂടുകൂടുന്നതിനുമുൻപ് ഞങ്ങൾ അമ്പലത്തിലേയ്ക്കു മടങ്ങേണ്ടിവന്നു. ഇവിടുത്തെ ഭരണിയുത്സവം പേരുകേട്ടതാണ്. നമ്മുടെ നാട്ടിൽ നീളെ ഭഗവതിക്ഷേത്രങ്ങളും ഭരണിക്കാവുകളുമുണ്ട്. മീനമാസത്തിലെ ഭരണിനാളിൽ പൊടിപൂരമായ ഉത്സവങ്ങളുമുണ്ട്. കരക്കാർ തമ്മിൽ മത്സരിച്ചാണ് പരിപാടികൾ ഏർപ്പെടുത്തുക. കളമെഴുത്തും പാട്ടും കെട്ടുകാഴ്ചയും കഥകളിയുമൊക്കെയുണ്ടാവും, ഈയിടെയായി കഥാപ്രസംഗവും ഡാൻസും കൂടിയേതീരൂ എന്നായിട്ടുണ്ട്. ഇത്തരം ഉത്സവങ്ങൾ കാണാൻ പലപ്പോഴും പോയിട്ടുള്ള നീ വിചാരിക്കും കൊടുങ്ങല്ലൂർ ഭരണിയുത്സവവും അതുപോലെ ആയിരിക്കുമെന്ന്. എന്നാൽ വാസ്തവം അങ്ങനെയല്ല. അതിൽ നിന്നൊക്കെ വളരെ വ്യത്യാസപ്പെട്ടതാണ് ഇവിടുത്തെ ചടങ്ങുകൾ.

അശ്വതിദിവസം ഇവിടെ വന്നുചേരുന്ന ജനങ്ങൾക്ക് കയ്യും കണക്കുമില്ല. തീവണ്ടികളിലും ബസ്സുകളിലും അന്നുണ്ടാകുന്ന തിരക്ക ഭയങ്കരമായിരിക്കും. കൊടുങ്ങല്ലൂർപ്രദേശം മുഴുവൻ ഒരു ഉത്സവപ്പറമ്പായി മാറും. ഭഗവതിക്ഷേത്രം മുതൽ തിരുവഞ്ചിക്കുളം ക്ഷേത്രം വരെ ഒന്നര കീലോമീററർ ദൂരം ആളുകളുടെ ശക്തിപ്രകടനങ്ങളും പാട്ടും തകർപ്പും കൊണ്ടു നിറഞ്ഞിരിക്കും. ആയിരക്കണക്കിന് കോഴികളെ കുരുതികഴിക്കും. അമ്പലമുററത്ത് ചെഞ്ചോര നിറഞ്ഞൊഴുകും. അശ്വതിനാളാണ്, ''കാവു തീണ്ടൽ'' എന്ന ചടങ്ങ്

കൊടുങ്ങല്ലൂർ വലിയതമ്പുരാൻ ആൽത്തറയിൽ എഴുന്നള്ളും പല ദേശക്കാരും അവകാശികളും കുറുവടികൾ ഉയർത്തി മഞ്ഞൾപ്പൊടിയുമായി തയ്യാറെടുത്തു നിൽക്കുന്നു. ഒരുകൂട്ടം അരയന്മാരും ആയുധങ്ങളോടുകൂടി അവിടെ എത്തും. തമ്പുരാൻെറ കല്പന കിട്ടിയാലുടൻ എല്ലാവരും മുന്നോട്ടു കുതിക്കുന്നു ഭക്തികൊണ്ട് മതിമറന്ന ജനക്കൂട്ടത്തിൻെറ ഇരമ്പിക്കയറ്റം. ചെമ്പു പൊതിഞ്ഞ ക്ഷേത്രമേൽപ്പുരയിൽ കുറുവടികൾകൊണ്ട് ആഞ്ഞടിക്കുന്നു മഞ്ഞൾപ്പൊടി വിതറുന്നു. അസഭ്യമായ പാട്ടുകൾ പാടുന്നു. നേർച്ചപ്പണം അങ്കണത്തിലേയ്ക്കു വലിച്ചെറിയുന്നു. ഭ്രാന്തുപിടിച്ച ഒരാഘോഷം. ആദ്യമായി കാണുന്നവർ അന്തംവിട്ടുപോകും. പതിനായിരക്കണക്കിന് സ്ത്രീകളും പുരുഷന്മാരും ഇതിൽ പങ്കുകൊള്ളുന്നു.

കൊടുങ്ങല്ലൂർ ഒന്നുകുറയെ ആയിരം യോഗ''ക്കാരും തമ്പുരാനും ചേർന്നാണ് പണ്ട് ക്ഷേത്രഭരണം നടത്തിപ്പോന്നതു് ഇപ്പോൾ കൊച്ചി ദേവസ്വംബോർഡിൻെറ മേൽനോട്ടത്തിലാണ് ക്ഷേത്രം തെറിപ്പാട്ടുകൾ അമ്പലവളപ്പിൽമാത്രമേ ഇപ്പോൾ ഉള്ളൂ. കോഴിവെട്ടു നിരോധിച്ചിരിക്കുകയുമാണ്

ഈ ഉത്സവത്തിൻെറ ആഗമനത്തെക്കുറിച്ചു് പല കഥകളുമുണ്ട്. ചില ചരിത്രകാരന്മാരുടെ അഭിപ്രായം ഇതാണ് കൊടുങ്ങല്ലൂരമ്പലം പണ്ട് ബുദ്ധമതക്കാരുടെ ഒരു വിഹാരമായിരുന്നു. ബുദ്ധമതക്കാരെ ഓടിക്കാനായി ഹിന്ദുക്കൾ, കള്ളും ചാരായവും കോഴിയിറച്ചിയും കൊടുത്തു് ആഭാസന്മാരെ പറഞ്ഞയച്ചു. അവർ കുറുവടികളുമായി ചെന്ന് അസഭ്യങ്ങൾ പറഞ്ഞു് സന്ന്യാസിമാരെ വിരട്ടിയോടിച്ചു. ആ വിഹാരത്തിൽ ഉഗ്രമൂർത്തിയായ ദേവിയെ പ്രതിഷ്ഠിക്കയും ചെയ്തു ആ വിജയം ആണ്ടുതോറും കൊണ്ടാടുന്നതാണത്രേ ഭരണിയുത്സവം.

പലേ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നമ്മുടെ ഇടയിലുണ്ട് അവയെ ന്യായീകരിക്കാൻ എന്തെങ്കിലും കഥകൾ മെനഞ്ഞുണ്ടാക്കാൻ ചിലർ മിടുക്കന്മാരാണ് അതിൽക്കവിഞ്ഞു് നീ ഇതിനൊന്നും വിലകല്പിക്കരുതു് നാം ഇരുപതാം നൂററാണ്ടിൽ ശാസ്ത്രത്തിൻെറ പകൽവെളിച്ചത്തിൽ ആണ് ജീവിക്കുന്നതു് യുക്തിക്കും ബുദ്ധിക്കും നിരക്കാത്ത എല്ലാററിനേയും ദൂരെ വലിച്ചെറിയണം ഇത്തരം കഥകളൊക്കെ എന്തിനാണ് ഞാൻ എഴുതുന്നതു് എന്ന് നീ ചോദിച്ചേക്കും. നാം എത്രമാത്രം പുരോഗമിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാൻ.

ഈ ഭരണിയുത്സവംപോലെ തന്നെ പ്രധാനമാണ് കൊടുങ്ങല്ലൂർ 'താലപ്പൊലി'യും. ഇതു് മകരം ആദ്യമാണ് വളരെ ലളിതവും മനോഹരവുമായ ഒരുത്സവം. വൻപിച്ച ഒരു ജനക്കൂട്ടം ഇതിലും സംബന്ധിക്കും. ഒരേ അമ്പലത്തിൽതന്നെ ഭിന്നങ്ങളായ രണ്ടുത്സവങ്ങൾ! ഭരണി 'ആസുര' മാണെങ്കിൽ താലപ്പൊലി' ദൈവിക' മാണ് കേരളത്തിൻെറ മണ്ണിൽ ഈ രണ്ടു് പ്രകൃതികളും അടങ്ങിയിരിപ്പുണ്ടു് എന്നു് ആക്കാണറിഞ്ഞുകൂടാത്തതു്?

കൊടുങ്ങല്ലൂരമ്മയോടു് യാത്രപറഞ്ഞു് ഞങ്ങൾ പുറത്തേയ്ക്കിറങ്ങി നല്ല വിശപ്പും ദാഹവും. ഹോട്ടലിൽ കയറി ആഹാരം ധാരാളം ലഭിക്കുന്ന സ്ഥലമാണ് കൊടുങ്ങല്ലൂരെന്നു് കേട്ടിട്ടുണ്ടു്. ഊണിൻെറ വിഭവങ്ങൾ കണ്ടപ്പോൾ അതു് ശരിതന്നെയെന്നു് തോന്നി. സസ്യഭുക്കുകളായ ഹരിയും ഞാനും വിഷമിച്ചു. പിന്നെ മോരും ഉപ്പിലിട്ടതുംകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു.

വിശ്രമത്തിനുശേഷം കൊടുങ്ങല്ലൂരിലെ പുരാതനങ്ങളായ പള്ളികൾ കാണാനാണ് പോയതു്

ഹിന്ദുവും ക്രിസ്ത്യാനിയും മുസ്ലീമും കൊടുങ്ങല്ലൂരിനെ ഒരു വിശിഷ്ടനഗരമായി വിചാരിച്ചു വരുന്നു. ഇങ്ങനെയൊരു ബഹുമതി കേരളത്തിൽ വേറെ ഏതെങ്കിലും നഗരത്തിനുണ്ടോ എന്നു് സംശയമാണ് ക്രിസ്തുവിൻെറ ശിഷ്യനായ തോമാശ്ലീഹാ എ.ഡി. 52—ൽ കൊടുങ്ങല്ലൂരിനടുത്തു് 'മാല്യങ്കര'യിലാണ് വന്നിറങ്ങിയതു് അദ്ദേഹം അന്നത്തെ പെരുമാളിനെ കണ്ടു് ഗുരുവിൻെറ ഉപദേശങ്ങളും അവയുടെ മഹത്വവും ഗ്രഹിപ്പിച്ചു. കൊടുങ്ങല്ലൂരിൽ താമസിച്ചുകൊണ്ടു് മതപ്രചരണം നടത്താൻ അനുവാദവും വാങ്ങി. സെൻറുതോമസ് പല അത്ഭുതകൃത്യങ്ങളും കാട്ടി നമ്പൂതിരിമാരെയും മററും ക്രിസ്തുമതത്തിൽ ചേർത്തതായി പല കഥകളുമുണ്ടു് അദ്ദേഹം അവിടെ ഒരു പള്ളി പണിയിച്ചു. ഇന്ത്യയിൽ ആദ്യം സ്ഥാപിച്ച ക്രിസ്ത്യൻപള്ളി ഇതായിരുന്നു. രണ്ടായിരം കൊല്ലത്തോളം പഴക്കമുള്ള പ്രസ്തുത പള്ളി ഇന്നു് വലിയൊരു തീർത്ഥാടനകേന്ദ്രമാണ്. ക്രിസ്ത്യാനികൾക്കും ചരിത്രകാരന്മാർക്കും. ഞങ്ങൾ ഏതാനും സമയം ആ പള്ളിയിൽ കഴിച്ചുകൂട്ടി.

അനന്തരം ഞങ്ങൾ 'ചേരമാൻ ജുമാമസ്ജിദ്' കാണാൻ പുറപ്പെട്ടു. കൊടുങ്ങല്ലൂർ—കോട്ടപ്പുറം റോഡിൽ 'ശൃംഗപുര'ത്തിന് അടുത്താണിത്. തിരുവഞ്ചിക്കുളം ക്ഷേത്രവും ഇതിനടുക്കൽതന്നെ. ഇന്ത്യയിലെ ആദ്യത്തെ മുസ്ലീംപള്ളി ഇതാണ്. പണ്ട് ഇതൊരു ശിവക്ഷേത്രമായിരുന്നു എന്നും പെരുമാളിന്റെ അനുവാദത്തോടെ പള്ളിയാക്കി മാററിയതാണ് എന്നും പറയപ്പെടുന്നു. അന്ന് ഹിജ്റാ തുടങ്ങിയിട്ട് അഞ്ചുവർഷമേ ആയിരുന്നുള്ളു. ക്രിസ്തുവർഷം 627-ൽ ആണ് ഈ പള്ളി നിർമ്മിച്ചത്. പെരുമാളിന്റെ രാജധാനിയിലുള്ള അരാകുളം എന്ന ചിറ ഈ പള്ളിക്കു വിട്ടുകൊടുത്തു. ഏതാണ്ട് ഒരു ക്ഷേത്രത്തിന്റെ മാതൃകയിലാണ് പള്ളി പണിയിച്ചിട്ടുള്ളത്. പള്ളിയ്ക്കകത്ത് പലനൂററാണ്ട് പഴക്കമുള്ള ഒരു ഓട്ടു നിലവിളക്ക് സൂക്ഷിച്ചിട്ടുണ്ട്. ഈ പള്ളിയിലുള്ള കിണറിന് ആയിരം കൊല്ലത്തെ പഴക്കമുണ്ടത്രേ.

ചേരമാൻപള്ളിയിൽ നിന്നിറങ്ങിയപ്പോൾ കേരളത്തിൽ ജനിക്കാനിടയായതു് ഒരു ഭാഗ്യമാണെന്ന് ഞങ്ങൾക്കു തോന്നി. കേരളീയരെപ്പോലെ മതസഹിഷ്ണുതയും മനുഷ്യസ്നേഹവും ഉള്ളവർ ലോകത്തെങ്ങും കാണുകയില്ല. അതിന്റെ മഹത്തായ മാതൃക നമുക്ക് ഇന്നും കൊടുങ്ങല്ലൂർ കാണാം. ഹിന്ദുവും ക്രിസ്ത്യാനിയും മുസ്ലീമും ഒരേ കുടുംബാംഗങ്ങളെപ്പോലെ അവിടെ കഴിയുന്നു. അവരുടെ ദേവാലയങ്ങളും തൊട്ടു തൊട്ടങ്ങനെ നിൽക്കുന്നു.

മടങ്ങി വരുന്ന വഴി ഞങ്ങൾ 'ചേരമാൻ പറമ്പിൽ' കയറി. കുററിക്കാടുകൾ നിറഞ്ഞുകിടക്കുന്ന വിശാലമായ ഒരു വെളിപ്പറമ്പ്. "'പെരുച്ചാഴികളും തങ്ങളിൽ കലഹിക്കുന്നു'' ആ തരിശ്ശുഭൂമി പഴയ 'മഹോദയപുര'ത്തിന്റെ ശവപ്പറമ്പാണ്; ശതാബ്ദങ്ങളുടെ ശവപ്പറമ്പ്! കേരളചക്രവർത്തിയായിരുന്ന ചേരമാൻ പെരുമാളിന്റെ രാജധാനിയിലാണ് ഞങ്ങൾ ചവുട്ടിനിൽക്കുന്നതെന്ന് ഓർത്തപ്പോൾ അറിയാതെ ഒരു നെടുവീർപ്പ് ഉയർന്നു. ഈ പറമ്പ് ഇപ്പോൾ കേന്ദ്രപുരാവസ്തുഗവേഷണ വകുപ്പിന്റെ കൈവശത്തിലാണ്. അവർ രണ്ടുതവണ അവിടെ ഖനനം നടത്തി. അനേകം വിലപിടിച്ച വസ്തുക്കൾ കണ്ടെടുക്കുകയുണ്ടായി. 'വാണകാലം അരിശ്ശ്'' എന്ന പഴമൊഴി എത്ര അന്വർത്ഥമാണ്! ഒരു കാലത്തു് ആനയും അമ്പാരിയും മന്ത്രിമാരും പട്ടക്കാരും അന്യരാജന്മാരൊക്കെച്ചേർന്ന് ബഹളം നിറഞ്ഞിരുന്ന മഹോദയപുരം ഇപ്പോൾ

''ശൂന്യതയ്ക്കു കളിപ്പാനൊരുക്കിയിട്ട

കളംകണക്കെ''കിടക്കുന്നു.

ഹരിക്കും മധുവിനും കൊടുങ്ങല്ലൂർ കോവിലകം കാണാൻ തിടുക്കമായി. ഞങ്ങൾ ഉത്സാഹപൂർവ്വം നടന്നു. ഒരു കാലത്തു് ആ കോവിലകം ഒരു സർവ്വകലാശാലതന്നെയായിരുന്നു. ശാസ്ത്രത്തിലും സാഹിത്യത്തിലും ഒരുപോലെ വൈദുഷ്യം നേടിയവരായിരുന്ന കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ സാഹിത്യം, കാവ്യം, തർക്കം, വ്യാകരണം, ജ്യോതിഷം, വൈദ്യം, സംഗീതം, നാട്യം എന്നിവയെല്ലാം ആ ഗുരുകുലത്തിൽ പഠിച്ചുപോന്നു. വിദ്വാൻ ഇളയതമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങിയവർ ആ കോവിലകത്തിനു് അനശ്വരമായ കീർത്തി നേടിക്കൊടുത്തവരാണു്. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാനെപ്പററി നീയും ചിലതു് പഠിച്ചിട്ടുണ്ടല്ലോ. ഒന്നേകാൽലക്ഷം ശ്ലോകങ്ങളുള്ള വ്യാസഭാരതം തനിച്ചു് തർജ്ജമചെയ്തയാളാണു് അദ്ദേഹം. തർജ്ജമയും പകർത്തലും അച്ചടിയും തുല്യവേഗത്തിൽ നടത്തിയിട്ടും അതു് പൂർത്തിയാക്കാൻ മൂന്നുകൊല്ലം വേണ്ടിവന്നു. ആ കൊട്ടാരമുററത്തുചെന്നു് ഞങ്ങൾ അല്പനേരം തലതാഴ്ത്തിനിന്നു. തമ്പുരാൻെറ സ്മാരകമായി നാട്ടുകാർ ചേർന്നു് ഒരു കോളേജു് സ്ഥാപിച്ചിട്ടുണ്ടു്. അനേകം കവികളെയും സാഹിത്യകാരന്മാരെയും കൊടുങ്ങല്ലൂർ കോവിലകം സൃഷ്ടിച്ചിട്ടുണ്ടു്. പൂന്തോട്ടത്തു നമ്പൂതിരി, വെണ്മണി നമ്പൂതിരി, നടുവത്തു് അച്ഛൻ നമ്പൂതിരി, കാത്തുള്ളിൽ അച്യുതമേനവൻ, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി, വള്ളത്തോൾ നാരായണമേനവൻ, ആററൂർ കൃഷ്ണപ്പിഷാരടി തുടങ്ങിയ എത്ര എത്ര കവികളാണു് ആ കളരിയിൽനിന്നു് പഠിച്ചിറങ്ങിയതു് ! ഭാഷയും സാഹിത്യവും ഉള്ളകാലത്തോളം ആ കോവിലകത്തെ—വിദ്യാപീഠത്തെ—മറക്കാൻ കഴിയുകയില്ല.

നാലു മണിയോടെ ഞങ്ങൾ ചെറുതുരുത്തിക്കു കാർ വിട്ടു.

7. കലയുടെ കളിപ്പന്തലിൽ

ഞങ്ങൾ ഇന്നലെ സന്ധ്യയോടെ ചെറുതുരുത്തിയിൽ എത്തി. തൃശ്ശൂർജില്ലയുടെ വടക്കേ അററത്ത് ഭാരതപ്പുഴയുടെ തീരത്തുള്ള ഒരു മനോഹര ഗ്രാമമാണ് ചെറുതുരുത്തി. ഒരു സ്നേഹിതൻെറ വീട്ടിൽ താമസിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു.

കഴിഞ്ഞവർഷം 'ഭരണിക്കാവി'ലെ ഉത്സവത്തിന് കഥകളി കാണാൻ പോയത് നീ മറന്നിരിക്കയില്ലല്ലോ. അന്നത്തെ നടന്മാരിൽ എല്ലാംകൊണ്ടും മികച്ചുനിന്നത് കലാമണ്ഡലം കൃഷ്ണൻനായരായിരുന്നു. പൂതന സുന്ദരിയായ ഒരു ഗോപികയുടെ വേഷമെടുത്ത് ആമ്പാടിയിൽവന്ന് ഉണ്ണിക്കൃഷ്ണനെ എടുത്ത് മുലകൊടുത്ത് കൊല്ലാൻ തുടങ്ങുന്ന ഭാഗമായിരുന്നു അദ്ദേഹം അഭിനയിച്ചത്. തൊട്ടിലിൽ കിടന്ന് ഉറങ്ങുന്ന കുഞ്ഞിൻെറ മുഖം നോക്കിക്കൊണ്ട് പൂതന ഒരു മണിക്കൂറോളം അങ്ങനെ നിന്നു. അപ്പോൾ അവളുടെ മുഖത്ത് സ്നേഹം, വാത്സല്യം, ക്രൂരത, ഭക്തി, ആനന്ദം, പക, ഭയം തുടങ്ങിയ വികാരങ്ങൾ മാറിമാറി വരുന്നതുകണ്ട് നിനക്കുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. ''ഇതുപോലെ ഒരഭിനയം ഏതെങ്കിലും സിനിമയിലോ നാടകത്തിലോ കാണ്മാൻ കഴികയില്ല.'' എന്നുള്ളതു കണ്ടവർ എല്ലാം തലകുലുക്കിസ്സമ്മതിച്ചു. ആ കൃഷ്ണൻനായരേയും അതുപോലെ അനേകം നടീനടന്മാരേയും വാർത്തെടുത്ത കലയുടെ കളിപ്പന്തൽ ആണ് ചെറുതുരുത്തിഗ്രാമം. ഇന്ത്യയിലും പുറത്തും ഈ ഗ്രാമത്തിന് കീർത്തിനേടാൻ കഴിഞ്ഞിട്ടുണ്ട്. അതിന് പ്രധാനകാരണക്കാരൻ മഹാകവി വള്ളത്തോൾ അല്ലാതെ മററാരുമല്ല.

വള്ളത്തോൾ! ആ പേരിന് എന്തൊരു വശ്യതയാണ്! എന്തൊരു മാധുര്യമാണ്! അനശ്വരനായ ആ മഹാകവിയുടെ വീട് ചെറുതുരുത്തിയിലാണ്. അദ്ദേഹം പടുത്തുയർത്തിയ 'കലാമണ്ഡലം ഇവിടെയാണ്', എന്നോർത്തപ്പോൾ എൻെറ ഹൃദയത്തിൽ ആനന്ദം അലയടിച്ചു.

ചില പ്രസംഗവേദികളിൽവച്ച് വള്ളത്തോളിൻെറ മുഴുത്തരൂപം ഞാൻ കണ്ടിട്ടുമുണ്ട്. മഹാകവി പാർത്തിരുന്ന വീടും, അദ്ദേഹത്തിൻെറ ശവകുടീരവും കാണണമെന്ന് ആശിക്കാൻ തുടങ്ങിയിട്ട്

വളരെക്കാലമായി. ഇന്നുരാവിലെ ഇവിടെ വന്നുചേൎന്നതോടെ ആ അഭിലാഷം സാധിച്ചു.

പ്രഭാതകൃത്യങ്ങൾക്കു ശേഷം ഞങ്ങൾ രാവിലെ എട്ടുമണിയ്ക്കു് വള്ളത്തോളിൻെറ സമാധിമണ്ഡപത്തിലേയ്ക്കു പുറപ്പെട്ടു. ചെറുതുരുത്തിപ്പാലത്തിനു് അടുത്താണു് കലാമണ്ഡലം. പ്രഭാതം പൊട്ടിവിടരുന്നു. പ്രപഞ്ചം പൊന്നിൽ കുളിച്ചുനില്ക്കുന്നു. മധുരമായ ഗാനങ്ങൾ, ചിലങ്കയുടെ കിലുക്കങ്ങൾ, മൃദംഗധ്വനികൾ എന്നിവ കേട്ടുതുടങ്ങി. കലയുടെ കളിപ്പന്തലിലേയ്ക്കാണു് ഞങ്ങൾ കടക്കുന്നതു്.

തേന്മാവുകളും പൂന്തോട്ടവുംകൊണ്ടു് ആകർഷകമായ പറമ്പു്. അതിൻെറ നടുവിൽ തലയെടുപ്പോടെ നില്ക്കുന്ന പ്രധാനകെട്ടിടം. അല്പമകലെ, ഭാരതപ്പുഴയോടു് സമീപിച്ചു്, സമാധിമണ്ഡപം. അതിൻെറ ശില്പഭംഗി ആരെയും ആകർഷിക്കും. മലയാള കവിതയുടെയും കലയുടെയും പിതാവു് അവിടെ ഉറങ്ങിക്കിടക്കുന്നു. കിളിക്കൊഞ്ചലും, കർമ്മഭൂമിയുടെ പിഞ്ചുകാലും, ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധിയും, എൻെറ ഗുരുനാഥനും, മാപ്പും പാടിക്കേൾപ്പിച്ച ആ ചുണ്ടുകൾ ഇനി ഒരിക്കലും ചലിക്കുകയില്ല. ഞങ്ങൾ നിറഞ്ഞകണ്ണുകളോടെ ആ മണ്ഡപം തൊട്ടുവണങ്ങി.

''ഭാരതപ്പുഴയുടെ തീരത്തു്, കലാമണ്ഡലത്തിൻെറ വളപ്പിൽ തന്നെ, ഈ അസ്ഥിമാടം നിർമ്മിച്ചതു് ഉചിതമായി'' ഹരി ഇടറുന്ന ശബ്ദത്തിൽ പറഞ്ഞു.

കേരള കലാമണ്ഡലം സ്ഥാപിക്കാൻ വള്ളത്തോൾ എത്രമാത്രം പാടുപെട്ടെന്നോ ! മഹാകവിയുടെ ഏറ്റവും വലിയ ആഗ്രഹം കഥകളിക്കുവേണ്ടി ഒരു കലാശാല ഉണ്ടാക്കുക എന്നതായിരുന്നു; അതുവഴി നാശോന്മുഖമായിക്കിടന്ന കേരളീയകലകളെ ഉദ്ധരിക്കുകയായിരുന്നു.

1930–ൽ ആണു് വള്ളത്തോൾ കേരളകലാമണ്ഡലം സ്ഥാപിച്ചതു്. കഥകളി മോഹിനിയാട്ടം തുടങ്ങിയ കേരളീയകലകളെ വളൎത്തുകയായിരുന്നു ലക്ഷ്യം പിൽക്കാലത്തു് കൂത്തു്, കൂടിയാട്ടം, തുള്ളൽ, കൈകൊട്ടിക്കളി തുടങ്ങിയവയും അക്കൂട്ടത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. മണക്കുളം മുകുന്ദരാജാവും കോമാട്ടിൽ അച്യുതമേനോനും വള്ളത്തോളിനു് പിൻതുണ നൽകി. പേരുകേട്ട കഥകളി നടന്മാ

ൻ്റയും സംഗീതവിദ്വാന്മാരെയും വാദ്യമേളക്കാരെയും അദ്ധ്യാപകരായി നിയമിച്ചു. മഹാകവിതന്നെ കലാമണ്ഡലം നടനസംഘവുമായി നാട്ടനീളെ നടന്ന് പ്രകടനം നടത്തി പണം ശേഖരിച്ചു. ചെറുതുരുത്തിയിൽ പേരാററിൻെറ തീരത്ത് കൊച്ചി സക്കാർ സൗജന്യമായി നൽകിയ പറമ്പിൽ പുതിയ കെട്ടിടങ്ങൾ പണികഴിപ്പിച്ചു. ഏറ്റു കലാപരിശീലനവും തുടങ്ങി. ഇടയ്ക്കിടെ സാമ്പത്തിക വൈഷമ്യങ്ങൾ മഹാകവിയെ അലട്ടിക്കൊണ്ടിരുന്നു. ചിലപ്പോൾ പുസ്തകങ്ങൾ വിററുകിട്ടിയ സംഖ്യയും ഇതിനുവേണ്ടി മുടക്കേണ്ടിവന്നിട്ടുണ്ട്. 'ഊമയാട്ട'ത്തിനുവേണ്ടി പണംകൊടുത്തു സഹായിപ്പാൻ അധികംപേർ മുന്നോട്ടുവന്നില്ല. കാശുമുടക്കാതെ കലകൾ ആസ്വദിക്കുന്നവരാണല്ലോ നമ്മിൽ അധികംപേരും. ഒടുവിൽ ഈ സ്ഥാപനം കൊച്ചി ഗവണ്മെൻറിനെ ഏല്പിക്കേണ്ടിവന്നു. സക്കാർ ആണ്ടിൽ പതിനേഴായിരം രൂപവീതം ഗ്രാൻറുനൽകി സഹായിച്ചു. വള്ളത്തോൾ അദ്ധ്യക്ഷനായ ഒരു കമ്മിററിയുടെ ഭരണത്തിൽ കലാമണ്ഡലം വളന്നു. 1955-ൽ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്ത പ്രധാനമന്ത്രി നെഹ്റു ഒരുലക്ഷം ഉറുപ്പിക കലാമണ്ഡലത്തിന് സംഭാവനചെയ്തു. അതുകൊണ്ട് ഉദ്ദേശം പന്ത്രണ്ടു ഹെക്ടാർ സ്ഥലം കൂടി വാങ്ങുകയും ഹോസ്റ്റൽ കെട്ടിടങ്ങൾ പണിയിക്കയും ചെയ്തു.

ടാഗോറിൻെറ ശാന്തിനികേതനത്തെക്കുറിച്ചും വിശ്വഭാരതി സർവകലാശാലയെക്കുറിച്ചും നീ പഠിച്ചിട്ടുണ്ടല്ലോ. അത്തരത്തിലുള്ള ഒരു മഹാസ്ഥാപനമാണ് കലാമണ്ഡലവും. ശാന്തിനികേതനം ബംഗാളിനും, കലാമണ്ഡലം കേരളത്തിനും കീത്തി നേടിക്കൊടുത്തു. രണ്ടിൻെറയും ശില്പികൾ ദേശാഭിമാനികളായ രണ്ടു മഹാകവികളായിരുന്നു.

ഞങ്ങൾ ചെന്നപ്പോൾ അവിടെ കുട്ടികളുടെ പരിശീലനങ്ങൾ നടന്നുകൊണ്ടിരുന്നു. അവരുടെ മെയ്‌വഴക്കവും ചലനവേഗവും പ്രസരിപ്പും കാണേണ്ടതുതന്നെ. നല്ല മനോധർമ്മവും താളബോധവുമുള്ള കുട്ടികൾ. നമ്മുടെ അജയനെക്കൂടി കലാമണ്ഡലത്തിൽ ചേർത്ത് പഠിപ്പിച്ചാലെന്തെന്ന് ഞാൻ ആലോചിക്കയാണ്. അഭിനയത്തിലും പാട്ടിലും മററും അവന് വാസനയുണ്ട്. സ്കൂളിൽ അവനില്ലാതെ നാടകം നടത്താറില്ല. ശാസ്ത്രത്സവങ്ങളിൽ ഒന്നാമൻ

ക്കായികമത്സരങ്ങളിലും വിരുതൻ. അങ്ങനെയുള്ള കുട്ടികൾക്ക് ഇവിടത്തെ [illegible] കൂടി ലഭിച്ചാൽ വലിയ നേട്ടമായിരിക്കും. നിനക്ക് എന്തു [illegible]

ലോകപ്രസിദ്ധരായ ആനന്ദശിവറാം, ഗുരു ഗോപിനാഥ് തുടങ്ങിയ നർത്തകന്മാരും രാഗിണീദേവി, ശാന്താറാവു തുടങ്ങിയ നർത്തകിമാരും കലാമണ്ഡലത്തിൽനിന്ന് പഠിച്ചിറങ്ങിയവരാണ്. ഭരതനാട്യവും കഥകളിയും പഠിക്കാനായി ധാരാളം പാശ്ചാത്യരും ഇവിടെ വന്നുചേരുന്നുണ്ട്. കലാവാസനയുള്ള അനേകം കുട്ടികളെ കണ്ടുപിടിക്കാനും, ശരിയായ പരിശീലനം നൽകി അവരെ പ്രസിദ്ധിയിലേയ്ക്ക് ഉയർത്താനും വള്ളത്തോളിന് കഴിഞ്ഞു. കേരളത്തിന്റേതായ ഈ കലയ്ക്ക്—കഥകളിക്ക്—യൂറോപ്പിലും അമേരിക്കയിലും മററും സ്ഥാനം നേടിക്കൊടുത്തതും അദ്ദേഹംതന്നെ. ഇക്കാര്യത്തിൽ കേരളം ആ മഹാകവിയോട് എന്നും കടപ്പെട്ടിരിക്കുന്നു.

ഞങ്ങളുടെ അടുത്ത പരിപാടി വള്ളത്തോളിന്റെ ഭവനം സന്ദർശിക്കുക എന്നതായിരുന്നു. എന്നെസ്സംബന്ധിച്ചാണെങ്കിൽ കവികളുടെ വസതിയിൽ പോവുന്നതുതന്നെ ഒരുവക തീർത്ഥാടനമാണ്. ഉള്ളൂരിന്റെയും ആശാന്റെയും ഭവനങ്ങൾ ഞാൻ നേരത്തെ കണ്ടിട്ടുണ്ട്

കലാമണ്ഡലത്തിൽനിന്ന് പത്തിലൊന്നു കിലോമീററർ അപ്പുറത്താണ് വള്ളത്തോളിന്റെ ഭവനം. തിരൂർ താലൂക്കിലെ മംഗലം എന്ന ജന്മദേശം വിട്ട് വള്ളത്തോൾ ചെറുതുരുത്തിയിൽ വന്നു താമസമുറപ്പിച്ചു. അവിടം അദ്ദേഹത്തിന്റെ കർമ്മഭൂമിയായി മാറി. അന്ന് അദ്ദേഹം ഒരു യുവകവി മാത്രമായിരുന്നു. വള്ളത്തോളിനെ മഹാകവിയാക്കി വളർത്തിയതു് പേരാററിന്റെ തീരത്തുള്ള ഈ കൊച്ചു ഗ്രാമമാണ് അവിടെ വഴിവക്കിൽ തലപൊക്കി നിൽക്കുന്ന ആ വലിയ മാളികയിലിരുന്നുകൊണ്ടാണ്, വള്ളത്തോൾ 'സാഹിത്യമഞ്ജരികൾ' എഴുതിയതു് !

അവിടെ മഹാകവിയുടെ മക്കളും പേരക്കിടാങ്ങളുമുണ്ടായിരുന്നു. 'ശബ്ദമില്ലാത്ത' ലോകത്തിൽ ജീവിച്ച വള്ളത്തോളിനെക്കുറിച്ച് അവർ പല കഥകളും പറഞ്ഞു കേൾപ്പിച്ചു. വീട്ടിനു സമീപംതന്നെയാണ് വള്ളത്തോൾ ഗ്രന്ഥാലയവും, പ്രസ്സും. ഞങ്ങൾ അവയെല്ലാം

കയറിക്കണ്ടു. മഹാകവിയുടെ കൈയെഴുത്തു പുസ്തകങ്ങളും ഫോട്ടോകളും ഇളയ മകൻ കാണിച്ചുതന്നു ആ ഭവനത്തോട് വിടവാങ്ങുമ്പോഴും ഞങ്ങളുടെയെല്ലാം ഹൃദയത്തിൽ വള്ളത്തോളം നിറഞ്ഞുനിൽക്കുകയായിരുന്നു

'ചെറുതുരുത്തിയിലെ ജീവിതം എങ്ങനെയുണ്ട്'' കലാമണ്ഡലത്തിലെ ഒരു സുഹൃത്തിനോട് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു

''പാവപ്പെട്ട കൃഷിക്കാരാണ് ജനങ്ങൾ അധികവും തൊഴിലില്ലായ്മയും പട്ടിണിയും ഭയങ്കരം ഷൊർണ്ണൂർ പട്ടണത്തെ ആശ്രയിച്ചാണ് ചെറുതുരുത്തിക്കാരുടെ ജീവിതം കമ്പനികളും വ്യവസായശാലകളും മറ്റും ഷൊർണ്ണൂരിൽ ധാരാളമുണ്ട് അവിടെ പോയാൽ എന്തെങ്കിലും ജോലികിട്ടും''

'പക്ഷേ, ഒരുകാര്യം. ഷൊർണ്ണൂരിലെ മുതലാളിമാർക്ക് ശുദ്ധവായുവും ശുദ്ധജലവും വേണമെങ്കിൽ ഇവിടെ വന്നേപറ്റൂ. വൈകുന്നേരം പേരാററിൻെറ മണൽപ്പുറത്ത് ഒന്നു ചെന്നുനോക്കിയാൽമതി '' കേട്ടുനിന്ന ഒരാൾ കൂട്ടിച്ചേർത്തു.

''രണ്ടും ശരിയായിരിക്കണം. മധു വിധിപ്രസ്താവിച്ചു

ഞങ്ങൾ ദക്ഷിണഗംഗയായ ഭാരതപ്പുഴയുടെ മണൽത്തിട്ടയിലൂടെ കുറച്ചുദൂരം നടന്നു. അവിടെ നിന്ന് ചുററുപാടും കണ്ണോടിക്കുക. എന്തു മനോഹരമായ കാഴ്ചകൾ! പച്ചപിടിച്ച തീരങ്ങളും പഞ്ചാരമണൽത്തിട്ടകളും. പാലത്തിലൂടെ നിമിഷംപ്രതി പാഞ്ഞുപോകുന്ന വാഹനങ്ങൾ. അപ്പുറം റയിൽവേ പാലത്തിലൂടെ നിരങ്ങിനീങ്ങുന്ന തീവണ്ടികൾ. അതിനുമപ്പുറം കരിമ്പനക്കാടുകൾ. അങ്ങകലെ ഷൊർണ്ണൂരിലെ വ്യവസായശാലകളുടെ 'ചിമ്മിനി'കൾ

''ഇവിടെ പ്രകൃതിഗായകനായ ഒരു മഹാകവി ഉണ്ടായതിൽ അത്ഭുതമില്ല.' സാഹിത്യകാരനായ ഹരിയുടെ അഭിപ്രായം ഞങ്ങളെല്ലാം തലകുലുക്കിസ്സമ്മതിച്ചു

മരിക്ക സാധാരണ. മീവിശപ്പിൽ
ദഹിക്കലോ നമ്മുടെ നാട്ടിൽ മാത്രം.
ഐക്യക്ഷയത്താലടിമപ്പുവങ്ങ-
ളുടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം' എന്ന് അദ്ദേഹത്തെക്കൊണ്ട് എഴുതിച്ചതും ഈ നാടുതന്നെ മധു തുടന്നു പറഞ്ഞു.

ഞങ്ങൾ മൂന്നുമണിയോടെ ചെറുതുരുത്തിയോട് വിടവാങ്ങി അടുത്ത വർഷത്തെ വിനോദയാത്രാപരിപാടിയിൽ ചെറുതുരുത്തി കൂടി ഉൾപ്പെടുത്താൻ ഹെഡ്മാസ്റ്ററോട് അപേക്ഷിക്കുക. അങ്ങനെ യായാൽ . നിനക്കും കൂട്ടുകാർക്കും ഇവിടമൊക്കെ സൗകര്യമായി വന്നു കാണാൻ കഴിയും.

8. തുഞ്ചൻപറമ്പിൽ

ഞങ്ങൾ ചെറുതുരുത്തിയിൽനിന്നു് ഇന്നലെ വൈകിട്ടു് തിരൂർ എത്തി മലയാളത്തിന്റെ പിതാവായ എഴുത്തച്ഛൻ പിറന്നു വളർന്ന ഭൂമിയിൽ കാലുകുത്താൻ കഴിഞ്ഞ ഞങ്ങൾ ധന്യരായി.

സത്രത്തിലായിരുന്നു രാത്രി താമസം. ടൗണിൽനിന്നു് ഏകാൽ കിലോമീറ്റർ ദൂരംവരും സത്രത്തിലേയ്ക്കു്. നഗരത്തിന്റെ ബഹളത്തിൽനിന്നു് ഒഴിഞ്ഞുമാറി. വിശാലമായ ഒരു പറമ്പിന്റെ നടുവിൽ സ്ഥിതിചെയ്യുന്ന ഈ അതിഥിമന്ദിരം സുഖപ്രദമാണു്. തിരൂർ ടൗണിന്റെ തിരക്കും മാലിന്യങ്ങളും കൊണ്ടു് വീർപ്പുമുട്ടിയ നമുക്കു് ഇവിടെയെത്തുമ്പോൾ ശ്വാസം നേരെവീഴും. പുതിയ പരിഷ്കാരത്തിന്റെ ചായപ്പകിട്ടുകളൊന്നും ഇവിടെ അധികം കാണാനില്ല.

നല്ലവനായ വാച്ചർ അത്താഴം ഒരുക്കിത്തന്നു. അയാളുടെ ആ വടക്കൻമലയാളം ഞങ്ങൾക്കു വളരെയൊന്നും മനസ്സിലായില്ല. എങ്കിലും കേട്ടുകൊണ്ടിരിക്കാൻ രസമുണ്ടു്. കയറിനു 'ചൂടി' എന്നും, കൃഷിക്കാരുടെ കൂലിക്കു വല്ലി' എന്നുമാണു് ഇവിടെ പറയുന്നതു്. ഇതൊക്കെ കേരളത്തിന്റെ തെക്കുള്ളവരും പഠിച്ചിരിക്കേണ്ടതാണു്

പിറേറന്നു രാവിലെ ഒരു വഴികാട്ടിയേയും കൂട്ടി ഞങ്ങൾ തുഞ്ചൻ പറമ്പു് കാണാൻ പുറപ്പെട്ടു പഞ്ചായത്തു് ആഫീസ്സിനു് അടുത്തുള്ള കവലയിൽനിന്നു് ടാറിട്ട ഒരു റോഡുണ്ടു് ആ വഴി കുറച്ചുദൂരം പോയാൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിലെത്താം ഹിന്ദുക്കൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണു് ഇതു് ബ്രാഹ്മണരുടെയും നായന്മാരുടെയും ഭവനങ്ങളേ കാണ്മാനുള്ളൂ

ഒരുകാലത്തു് നമ്പൂതിരിമാരുടെ വേദമന്ത്രങ്ങൾകൊണ്ടും, എഴുത്തച്ഛനെപ്പോലുള്ള പുണ്യാത്മാക്കളുടെ കീർത്തനങ്ങൾകൊണ്ടും മുഴങ്ങിയിരുന്നതാണു് തൃക്കണ്ടിയൂരമ്പലം. ഇപ്പോൾ അതൊന്നും കേൾപ്പാനില്ല. എങ്കിലും ആ ദേവാലയത്തിന്റെ പരിശുദ്ധിക്കും മഹത്വത്തിനും ഇന്നും ഒരു കോട്ടവും തട്ടിയിട്ടില്ല. ശ്രീകോവിലിനു് മുന്നിൽ ഒരു കൂററൻ കാള കിടപ്പുണ്ടു് ശിവന്റെ വാഹനമായ 'നന്ദി'യുടെ കരിങ്കൽ വിഗ്രഹം. നീലജലം നിറഞ്ഞു കിടക്കുന്ന വിശാലമായ അമ്പലക്കുളം അടുത്തുതന്നെയുണ്ടു്. കാലപ്പഴക്കം കൊണ്ടുള്ള കേടുകൾ ഒന്നും ഉണ്ടായിട്ടില്ല. ഞങ്ങൾ തൃക്കണ്ടിയൂരമ്പലത്തിന്റെ തിരുമുററത്തു് ചെന്നുനിന്നു. ചിന്തകൾ നാലഞ്ചു നൂററാണ്ടു പിറകോട്ടു പറന്നു. തീർത്ഥജലത്തിൽ ദുർമ്മന്ത്രം ജപിച്ചുകൊടുപ്പിച്ചു ചില നമ്പൂരിമാർ ബാലനായ എഴുത്തച്ഛനെ മൂകനാക്കിയെന്ന കഥ ഞങ്ങൾ ഓർത്തു

രവിയുടെ ക്യാമറ ഇടയ്ക്കിടെ ശബ്ദിച്ചുകൊണ്ടിരുന്നു. മധുവിനു് ഒരാഗ്രഹം. നന്ദികേശ്വരന്റെ അടുത്തു നിൽക്കുന്ന അയാളുടെ ഒരു പടംപിടിക്കണം. അതും സാധിച്ചു. ഞങ്ങൾ അമ്പലംവിട്ടു പുറത്തിറങ്ങി.

വീണ്ടും പഞ്ചായത്തു കവലവഴി 'പൂങ്ങോട്ടുകുളം' മുക്കിലേക്കു നടന്നു. അവിടെനിന്നു് വടക്കോട്ടുള്ള റോഡു് നേരെ തുഞ്ചൻപറമ്പിലേക്കാണു്. പുതയുന്ന പൂഴിനിറഞ്ഞ വഴി. ഇരുവശവും പാടങ്ങളും പറമ്പുകളും. പറമ്പുകൾ നിറച്ചു് ഫലവൃക്ഷങ്ങൾ. ഞങ്ങൾ അഞ്ചിലൊരു കിലോമീററർ ദൂരം നടന്നുകാണും. അതാ, വിസ്തൃതമായ ഒരുയർന്ന പറമ്പു്. നടുക്കു് പുതിയൊരു വലിയകെട്ടിടം. അപ്പുറം ഇളംനീലക്കല്ലിൽ കൊത്തിയുണ്ടാക്കിയ മനോഹരമായ സ്മാരകമണ്ഡപം. വേലിയും മതിലുമൊന്നുമില്ല. ആർക്കും അവിടെ എപ്പോഴും കയറിച്ചെല്ലാം. തുഞ്ചന്റെ കാവ്യങ്ങൾപോലെതന്നെ ആ പറമ്പും പൊതുസ്വത്താണു്. മലയാളത്തിന്റെ തറവാടു് !

തുഞ്ചൻപറമ്പിലെ പൂഴിയിൽ ചവിട്ടിയപ്പോൾ ഞങ്ങൾക്കു് കോരിത്തരിപ്പുണ്ടായി. ''വിദ്യക്കൃഷിക്കിനുമതീവ മുഖ്യ''മായ ആ മണ്ണിൽ തൊട്ടു ഞങ്ങൾ വണങ്ങി. ദിവ്യാത്മാവായ എഴുത്തച്ഛൻ ചവിട്ടിനടന്ന ആ മണലിൽ, അമ്പാടിയിൽ ചെന്ന അക്രൂരനെപ്പോലെ വീണുരുളാൻ എനിക്കു മോഹം തോന്നി.

നമ്മുടെ അമ്പലങ്ങളിൽ പലതിലുമുള്ള 'വട്ടശ്രീകോവിൽ' നീ കണ്ടിട്ടില്ലേ ? ഏതാണ്ട് അതുപോലെയിരിക്കും ആ ശിലാമണ്ഡപം. തുഞ്ചൻപറമ്പിലെ പഴയ 'എഴുത്തുപള്ളി'യുടെ സ്ഥാനത്താണ് ഇതു് നിർമ്മിച്ചിരിക്കുന്നതു് മണ്ഡപത്തിന് പന്ത്രണ്ട് തൂൺകളുണ്ട് നാലു് നിലവിളക്കുകൾ ചേർന്ന നില്ക്കുന്നതാണ് ഒരു തൂണ്. വിരിഞ്ഞ താമരപ്പൂവിലാണ് ഓരോ തൂണും. താമരപ്പൂക്കളുടെ ചുവട്ടിൽ ജപ മാലയേന്തിയ കൈകളും കാണാം തൂണിനു മുകളിൽ തത്തകളുടെ രൂപം കൊത്തിവച്ചിരിക്കുന്നു. ചിറകുവിരുത്തി, സന്ദർശകനു് അഭി മുഖമായി നില്ക്കുന്ന ശാരികകൾ ! വലിയ രൂപങ്ങളായതിനാൽ ഒററ നോട്ടത്തിൽ ഗരുഡനാണോ എന്നു് തെററിദ്ധരിച്ചു പോകും

സാനന്ദരൂപം സകല പ്രബോധം
ആനന്ദദാനാമൃതപാരിജാതം
മനുഷ്യ പദ്മേഷു രവിസ്വരൂപം
പ്രണാമി തുഞ്ചത്തെഴുമാര്യപാദം.

എന്ന ശ്ലോകം കൊത്തിയ ഒരു ഫലകം മണ്ഡപത്തിനുള്ളിൽ നിലത്തു് പതിച്ചിരിക്കുന്നു. മണ്ഡപത്തിൻെറ അടിത്തട്ടു് തറയിൽ നിന്നു് ഒന്നരണ്ടു മീററർ ഉയർന്നിട്ടാണ് ശുചീന്ദ്രത്തേയും വിവേകാ നന്ദപ്പാറയിലേയും കൊത്തുപണികൾ നീ കണ്ടിട്ടില്ലേ ? അതിലും സുന്ദരമായിട്ടുണ്ട് ഇവിടത്തെ ശില്പവേലകൾ. ഇതിൽ ഓരോ തൂണും കൊത്തിയുണ്ടാക്കാൻ രണ്ടുവർഷത്തിൽക്കൂടുതൽ സമയമെടുത്തിട്ടുണ്ട്. തെക്കേ ഇന്ത്യയിലെ കേഴ്‌വികേട്ട ശില്പികളാണ് ഇതു് പണി ഞ്ഞതു് ആവശ്യമുള്ള കരിങ്കല്ലു് മുഴുവൻ കേരളത്തിൻെറ തെക്കേ യററത്തുനിന്നാണ് കൊണ്ടുവന്നതു്. മണ്ഡപത്തിനുമാത്രം ഒരുലക്ഷം രൂപ ചെലവായി.

തൊട്ടടുത്തു് പുതിയ മാതൃകയിലുള്ള സുന്ദരമായ ഒരു സമ്മേളന ശാല (ആഡിറേറാറിയം) പണികഴിപ്പിച്ചിരിക്കുന്നു. ഏതാണ്ട് 35 മീററർ നീളവും പത്തര മീററർ വീതിയും വരും. ഉള്ളിൽ സ്ഥിരം സ്റ്റേജും വൈദ്യുതവിളക്കുകളുമുണ്ട് മൊസൈക്കുതറയോടുകൂടിയ ഹാളിൽ മുന്നൂറുപേക്കു് ഇരിക്കാം. അതിനുള്ള സ്റ്റീൽ കസേരകളും ഇട്ടിട്ടുണ്ട്

തുഞ്ചൻപറമ്പിൽ അതിപുരാതനമായ ഒരു കിണറുണ്ട്. മലബാർ മുഴവൻ ഉണങ്ങിവരണ്ടാലും ആ കിണററിലെ വെള്ളം വററാറില്ല. ഏതാനും കൊല്ലം മുൻപ് ആ കിണർ ഇറച്ച് ചെളികോരി ചെന്ന പ്പോൾ എഴുത്തച്ഛൻെറ ദിവ്യമായ നാരായം കണ്ടുകിട്ടുകയുണ്ടായി രാമായണവും ഭാരതവുമെഴുതാൻ ഉപയോഗിച്ച ആ എഴുത്താണി സ്മാരകത്തിൻെറ കിഴക്കുവശമുള്ള പ്രസിദ്ധമായ കാഞ്ഞിരമര ത്തിൻെറ അടുക്കലുണ്ടാക്കിയ ഒരു കൊച്ചു പൂജാമുറിയിൽ സൂക്ഷിച്ചി രിക്കുന്നു. ആ മഹാത്മാവ് നിത്യവും പൂജിച്ചുപോന്ന മൂന്നു വിഗ്രഹ ങ്ങളും (ശ്രീരാമൻ, ഗണപതി, ഭഗവതി) അതിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്

പേരുകേട്ട ആ കിണറും കാഞ്ഞിരമരവും ഞങ്ങൾ അടുത്തുചെന്നു കണ്ടു. ഈ കാഞ്ഞിരമരത്തിനു് കയ്പില്ലെന്നാണ് ആളുകൾ പറയു ന്നതു് എന്തായാലും കവികളും ഭക്തന്മാരുംകൂടി അതിൻെറ ഇലയും തൊലിയും മിക്കവാറും തിന്നുതീർത്തമട്ടുണ്ട്

തിരൂർ–പൊന്നാനിപ്പുഴയുടെ കിഴക്കേക്കരയിലാണ് തുഞ്ചൻപറമ്പ് ഒന്നര ഹെക്ടറോളം വിസ്താരം വരും. പലനൂററാണ്ടുകാലം കാടനും കാട്ടുകുന്നനും അഭയം നൽകുന്ന കുററിക്കാടുകൾ നിറഞ്ഞു കിടന്നു. ഉടമാവകാശം ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും കൈവശം മാറിവന്നു കേരളത്തിലെ ഏററവും മഹാനായ കവിയുടെ ജന്മഭൂമി അനാഥ മായി കിടക്കുന്നതുകണ്ട് വിദേശികൾപോലും വേദനിച്ചിട്ടുണ്ട് ഒടുവിൽ ജനങ്ങളും ഗവണ്മെൻറും എഴുത്തച്ഛനെ ആദരിക്കാൻ മുന്നോ ട്ടുവന്നു. ഗവണ്മെൻറ് പൊന്നുംവിലയ്ക്കു തുഞ്ചൻപറമ്പ് വാങ്ങി 36000 രൂപ വിലകൊടുക്കേണ്ടിവന്നു. സ്മാരകങ്ങളുണ്ടാക്കാൻ മൊത്തം മൂന്നുലക്ഷം രൂപ ചെലവായിട്ടുണ്ട് ഇതിൽ പന്തീരായിരം രൂപ ജനങ്ങളുടെ സംഭാവനയാണ്

ഈ പറമ്പിൻെറയും സ്മാരകത്തിൻെറയും സംരക്ഷണത്തിനു വേണ്ടുന്ന ഏർപ്പാടുകൾ ഗവണ്മെൻറ് ചെയ്തിട്ടുണ്ട്. പൂജ യെടുപ്പുദിവസം നൂറുകണക്കിനു് പിഞ്ചുകുഞ്ഞുങ്ങളെ തുഞ്ചൻപറ മ്പിൽ കൊണ്ടുവന്നു് എഴുത്തിനിരുത്തുന്ന പതിവ് പണ്ടുമുതല്ക്കു ഉള്ളതാണ് ഇന്നും അതു തുടൎന്നുവരുന്നു. ഈ മണ്ഡപത്തിൽവച്ച് തുഞ്ചൻപറമ്പിലെ പഞ്ചാരമണലിൽ സ്വന്തം പിഞ്ചോമനകളെ കൊണ്ട് ഹരിഃ ശ്രീ എഴുതിക്കാൻ ആരാണ് ആഗ്രഹിക്കാത്തതു്?

എല്ലാകൊല്ലവും ധനുമാസത്തിലെ ഉത്രം നക്ഷത്രത്തിൽ ഇവി ടെവച്ച് തുഞ്ചൻദിനം കൊണ്ടാടിവരുന്നു. ഡിസംബർ 31–ാം തീയ

നിയാണ് ആഘോഷങ്ങളുടെ സമാപനം. ഇപ്പോൾ ശമ്പളക്കാരായി ഒരു സൂപ്രണ്ടും ഒരു വാച്ചുമാനും ഇവിടെ ഉണ്ട്; നിത്യവും പ്രവർത്തിക്കുന്ന ഒരു ആഫീസ്സും.

വളരെ താമസിച്ചിട്ടാണെങ്കിലും, ഇങ്ങനെയൊരു സ്മാരകമുണ്ടാക്കിയവരെ നമസ്കരിക്കുക. ''ഇംഗ്ലണ്ടിൽ ഷേക്സ്പീയറുടെയും റഷ്യയിൽ പുഷ്കിൻെറയും ഗ്രീസിൽ ഹോമറുടെയും മററും വസതികൾ തീർത്ഥാടന കേന്ദ്രങ്ങളാണ്; ദേശീയസ്മാരകങ്ങളുമാണ് നാം ഇന്നും ആ നിലയിലേയ്ക്കു ഉയർന്നിട്ടുണ്ടോ എന്നു് സംശയമാണ് ''

തുഞ്ചൻ പറമ്പ് വിട്ടു പുറത്തിറങ്ങിയപ്പോൾ ഹരി അഭിപ്രായപ്പെട്ടു.

''രാമായണവും ഭാരതവും ഹരിനാമകീർത്തനവും ഉള്ള കാലത്തോളം എഴുത്തച്ഛന് മറെറാരു സ്മാരകം എന്തിനാണ്!'' —മധു പറഞ്ഞു.

എനിക്ക് ആ സംഭാഷണത്തിലൊന്നും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല അപ്പോഴും എൻെറ ചിന്തകൾ തുഞ്ചൻപറമ്പിനു ചുററും വലം വയ്ക്കുകയായിരുന്നു.

തിരിച്ചിറങ്ങിയപ്പോൾ ആ പറമ്പിലെ ഒരുപിടി പൂഴിമണ്ണു വാരി ഞാൻ ബാഗിൽ സൂക്ഷിച്ചു.

ഒരു നിധിയും കൊണ്ടുപോകുന്ന മട്ടുണ്ടല്ലോ'' രവി തമാശയായി പറഞ്ഞു പക്ഷേ എന്നെസ്സംബന്ധിച്ചിടത്തോളം അതു സത്യമായിരുന്നു

ഇന്നു രാത്രി സത്രത്തിൽ തങ്ങും നാളെ പുലർച്ചയ്ക്കു ഞങ്ങൾ തിരുവനന്തപുരത്തേയ്ക്കു് മടങ്ങുകയാണ് ഒരാഴ്ചമുഴുവൻ സർക്കീട്ടിലായിരുന്നു വിശ്രമമില്ലാത്ത സഞ്ചാരം രാത്രി വല്ലയിടത്തും തങ്ങും ഒന്നുരണ്ടും പകൽമുഴുവൻ നടത്തംതന്നെ. കേരളത്തിൻെറ മുഖങ്ങൾ പലതും ഞങ്ങൾ നേരിൽകണ്ടു. ചിലതു് ഞങ്ങളെ പുളകം കൊള്ളിച്ചു. ചിലതു് വേദനിപ്പിച്ചു. പലതും അവിസ്മരണീയമാണ്

എൻെറ എല്ലാ കത്തുകളും കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. മറുപടി അയയ്ക്കുമല്ലോ. നിങ്ങളുടെ എല്ലാം ക്ഷേമവാർത്തകൾ അറിയാൻ ഉൽകണ്ഠയുണ്ട് ഒന്നാംതീയതി കഴിഞ്ഞേ ഇനി അവധി കിട്ടു. അന്നു് വീട്ടിലോട്ടു വരും.

എന്നു് സ്നേഹപൂർവ്വം
അച്ഛൻ

V Memorial Press. Tvm

COVER PRINTED AT THE GOVERNMENT PRESS,
TRIVANDRUM, 1972.